


RMARAM
90
21
RARY
K90
S21

Reference

Not to be taken Out

H
205
2250

Page


J. M. J. T.

ക. നി. മൂ. സ.

വി. സെബസ്ത്യാനോസിന്റെ

സന്ന്യാസാശ്രമം

പുളിങ്കുന്ന്.



DHARMARAM COLLEGE
LIBRARY
BANGALORE

1861—1936.

MANNANAM
PRINTED AT THE ST. JOSEPH'S PRESS.
1936.

CHARMARAM COLLEGE LIBRARY
Ac. No. 50960
Call No. K 90/521
AR



പ്രസ്താവന.

പുളിങ്കുന്നു വി. സെബസ്ത്യാനോസിന്റെ കൊവേന്ത സ്ഥാപിതമായ കാലംമുതൽ ഇതുപര്യന്തമുള്ള അതിന്റെ ചരിത്രമാണ് ഈ ചെറു പ്രബന്ധത്തിലെ പ്രതിപാദ്യവിഷയം. കൊവേന്ത നാളാഗമത്തിൽനിന്നും, സംഭവങ്ങളിൽ ഭാഗഭാക്കുകളായിട്ടുള്ള ആളുകളിൽനിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള ഇതു് സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്

ആ. റെമിജിയോസ്,

പ്രിയോർ.

പുളിംകുന്നുകൊവേന്ത,
8— 2—1936.



ക. നി. മ. സ.

പുളിങ്കുന്ന സന്ന്യാസാശ്രമം.

ഒന്നാം അദ്ധ്യായം.

ആരംഭവും ഒന്നാമത്തെ വികാരിയും.

മെസ്രേൻ, പലസ്തീനാ, പാശ്ചാത്യരാജ്യങ്ങൾ മുതലായ സ്ഥലങ്ങളിൽ സന്ന്യാസസഭകൾ ഉള്ളതായും, അവയിൽ സന്ന്യാസികളും കന്യകകളും ദൈവശുശ്രൂഷയിൽ ഐഹികവാസംകഴിച്ച് സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നതായും പുസ്തകപാരായണത്താലും മറും ഗ്രഹിച്ച നമ്മുടെ പിതാക്കന്മാരായ പള്ളിപ്പുറത്തു ഇടവക പാലയ്ക്കൽ പെ. ബ. തോമ്മാമല്പാനച്ചനും കല്ലൂർക്കാട്ട് ഇടവക പോത്തുക്കര പെ. ബ. തോമ്മാച്ചനും നമ്മുടെ നാട്ടിലും ഒരു സന്ന്യാസസഭ സ്ഥാപിക്കരിക്കുവാൻ ആവശ്യമായ ശ്രമങ്ങൾ ചെയ്തു. അവരുടെ ഉദ്ദേശാനുസാരം സഭ സ്ഥാപിതമായെങ്കിലും, അതു പൂർണ്ണതയെ പ്രാപിച്ചതു് അവരുടെ ശിഷ്യനും സഹചാരിയുമായ ചേന്നങ്കരി ഇടവക ചാവറ കുറിയാക്കോസ് ഏലിയാ അച്ചന്റെ കാലത്താണ്. ഇദ്ദേഹം മാന്നാനത്തുവച്ചു സഭാവാഗ്ദത്തം ചെയ്തു. അനന്തരം സ്വസഹോദരങ്ങളായ പത്തുപേരും 1855 ധനുമാസം 8–ാംതീയതി പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെ അമലോത്ഭവതിരുനാളിൽ അവിടെ അദ്ദേഹത്തിന്റെ സന്നിധിയിൽവച്ചു് വാഗ്ദാനംചെയ്തു. ഇങ്ങനെ മലങ്കരയ്ക്കു് ഒരു സന്ന്യാസസഭ ഉണ്ടായി.

പലരും, മലങ്കരയുടെ നാനാഭാഗങ്ങളിലുംനിന്ന്, സന്ന്യാസജീവിതത്തിനായി മാന്നാനത്തുചെന്ന അവിടത്തെ ഭൌമികപറുദീസായിൽ സാനന്ദം വിഹരിച്ചു. മലങ്കരയിലെ പല ദേവാലയങ്ങളിലും ഇവർ നടത്തിയ ധ്യാനങ്ങളും പ്രസംഗങ്ങളുംവഴി ഇവരുടെ ജീവിതകുസുമത്തിന്റെ നിസ്സീമമായ സൌരഭ്യത്തെ ആസ്വദിക്കുന്നതിനു് നമ്മുടെ നാട്ടിനും ജനതയ്ക്കും ഭാഗധേയമുളവായി. ആത്മികമായ ഈ ഉന്നമനത്തിൽ കലുഷിതമാനസനായി ചമഞ്ഞ

ദുഷ്ടാത്മാവു നാട്ടിനെ നാശഗർത്തത്തിൽ വീഴിക്കുവാൻ ക്രി. വ. 1861-ൽ റോക്കോസ് എന്ന ശിശുമെത്രാനെ മലങ്കരയിലേയ്ക്കയച്ചു. തദ്ഫലമായി നമ്മുടെ ജനതയിൽ ബഹുഭ്രഷ്ടിഭാവവും ശിശുയിൽ നിപതിക്കയുംചെയ്തു. സന്ന്യാസാശ്രമങ്ങളുടെ സമീപവാസികൾ വിശ്വസ്ഥരായിത്തന്നെ നിലനിന്നു. ഇതിന്റെ കാരണം സന്ന്യാസികളുടെ പരിശ്രമമാണെന്നുള്ളതു് സ്പഷ്ടമാണല്ലോ. അതെ, ഈ കോളിൽപെട്ടു് നമ്മുടെ സമുദായം നശിക്കാതിരിക്കുവാൻ സർവ്വശക്തൻ നൽകിയ ഒരു കോട്ടതന്നെയായിരുന്നു പ്രസ്തുത സഭ എന്നു നിസ്സംശയം പറയാം.

1861-ന്റെ ആരംഭത്തിൽ പ്രസ്തുത സഭാവൈദികരാൽ പുളിങ്കുന്നു് ഇടവകയിൽ നടത്തപ്പെട്ട ധ്യാനം ആ ഇടവകക്കാരെയും ഈ സത്യം ഗ്രഹിപ്പിക്കാതിരുന്നില്ല. ഇതിന്റെ ഫലമായി, അന്നു സുറിയാനി ജനതയെ ഭരിച്ചിരുന്ന വരാപ്പുഴയുടെ അതിപ്രബല ബസ്സ്റ്റർദീനോസു മെത്രാപ്പോലീത്താ ധ്യാനാനന്തരം ഔദ്യോഗികമായി പള്ളി സന്ദർശിച്ചപ്പോൾ ഈ ഇടവകയിലെ അൽമേനികളും പട്ടക്കാരും ഒന്നുചേർന്നു് ഇവിടെയും ഒരു കർമ്മലീത്താ ആശ്രമം സ്ഥാപിച്ചുകിട്ടണമെന്നു് അദ്ദേഹത്തോടപേക്ഷിച്ചു. അതിനായി തെക്കേ അങ്ങാടിയിൽ തെക്കേത്തലയ്ക്കൽ ഉണ്ടായിരുന്നതും പ്രസ്തുത പള്ളിയുടെ കുരിശുപള്ളിയായി ഉപയോഗിച്ചിരുന്നതുമായ ചെറിയ പള്ളിയും മുറികളും അതിനോടുചേർന്ന പള്ളി സ്ഥലങ്ങളും കൊടുക്കാമെന്നു് അവർ വാഗ്ദത്തവുംചെയ്തു. പുളിങ്കുന്നിലെ താമസത്തിനിടയ്ക്കു് ഒരു ദിവസം സായാഹ്നസവാരി മദ്ധ്യേ ഈ ചെറിയ പള്ളിയും സ്ഥലങ്ങളും സന്ദർശിക്കയും, തൃപ്തനായി രജിസ്റ്റർ പ്രമാണംമൂലം അവ കൈമാറാം ചെയ്യണമെന്നു് കല്പിക്കയുംചെയ്തു. അതനുസരിച്ചു് 1861-മാണ്ടിനു്, കൊല്ലവർഷം 1036 കുംഭമാസം 3-ാംതീയതി എ. പെ. പെ. ബ. ബസ്സ്റ്റർദീനോസ് മെത്രാപ്പോലീത്താച്ചന്റെ പേർക്കു് കർമ്മലീത്താസഭയുടെ ഒരു കൊവേന്ത സ്ഥാപിക്കുന്നതിനായി തിരുമനസ്സുകാരം അവ ഒഴിഞ്ഞൊഴുതിക്കൊടുത്തു. അതിന്റെ പകർപ്പു് താഴെ ചേർക്കുന്നു.

"രക്ഷണീയവർഷം 1861 ചെന്ന കൊല്ലം 1036-മാണ്ടു കുംഭമാസം 3-ാംതീയതി എ. പെ. പെ. ബ. മലയാളമൊക്കയുടേയും വികാരി അപ്പസ്തോലിക്കാ ആയ വരാപ്പുഴെ എഴുന്നള്ളിയിരിക്കും പ്രെ. ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചന്റെ മുൻ

പാകെ പുളിങ്കുന്ന പള്ളിയുടെ വികാരിയും ദേശത്തു പട്ടക്കാരും കൈക്കാരന്മാരും ശേഷം ആലോചനക്കാരുംകൂടി എഴുതിവച്ച തിരുവോലക്കാര്യമാവിത്തു്. പുളിങ്കുന്നിൽ വലിയ പള്ളിയുടെയും തെക്കെ അങ്ങാടിയിൽ തെക്കെ അറ്റത്തു് പുരയിടത്തിനും വടക്കു വടക്കേടത്തു പുരയിടത്തിനും തെക്കു് കാഞ്ഞുകണ്ടുകൃഷി നിലത്തിനും കിഴക്കു് ആറിനു പടിഞ്ഞാറു് ഇങ്ങനെ ഈ നാലെല്ലുകയ്യുകത്തു് പുളിങ്കുന്നുപള്ളി വകയായിട്ടുള്ള ചെറിയ പള്ളിയും മുറികൾ മുതലായതും പള്ളിപ്പുരയിടവും അതിലുള്ള വൃക്ഷാദികളും കൊവേന്ത അക്കുന്ന വകയ്ക്കായിട്ടു് ഒഴിഞ്ഞുകൊടുക്കത്തക്കവണ്ണം ഈ ആണ്ടു് ചിങ്ങമാസം 11-ാംതീയതി ഉണ്ടായ ആലോചനയിൽ കുറിവിൺ സ്ഥിരപ്പെട്ട പ്രകാരം മേലെഴുതിയ ചെറിയപള്ളിയും മുറി മുതലായതും പള്ളിപ്പുരയിടവും അതിലുള്ള വൃക്ഷാദികളും ബ. അച്ചനു് ഒഴിഞ്ഞു തന്നിരിക്കക്കൊണ്ടു് അതിൻ വണ്ണം നാളതുമുതൽക്കു് പള്ളി മുതലായതു് ബ. അച്ചന്റെ കല്പനപ്രകാരം നടത്തിച്ചുകൊള്ളേണ്ടതുമല്ലാതെ പണ്ടാരവക കണക്കിൽ പോക്കുവരവും ചെയ്യിച്ചു് അനുഭവിച്ചുകൊള്ളുമാറു് സമ്മതിച്ചു് ഈ തിരുവോല എഴുതിവച്ച ടി വികാരിമുതൽ പേരു ഇതിനുസാക്ഷി, പാലാപ്പള്ളി ഇടവകക്കാരൻ നാഗനൂലിൽ മത്തായിക്കത്തനാരും (ഒപ്പു്) ചങ്ങനാശ്ശേരി ഇടവകക്കാരൻ ചക്കാലയിൽ ചെറിയാൻ കത്തനാരും (ഒപ്പു്) പുത്തൻപുരയ്ക്കൽ കുഞ്ഞെറിയ കുഞ്ഞെറിയയും (ഒപ്പു്) പുത്തൻപുരയ്ക്കൽ കുഴ്ന്ൻ കുരുവിളയും (ഒപ്പു്)

N. B. അച്ചന്മാരുടെ ഒപ്പു് 3. ജനങ്ങളുടെ ഒപ്പു് 15.

അന്നുണ്ടായിരുന്ന തെക്കേത്തലയ്ക്കൽപള്ളി ആറിന്റെ കിടപ്പനുസരിച്ചു്, കിഴക്കുപടിഞ്ഞാറു്, പടിഞ്ഞാറോട്ടു മുഖവാരമായി പണിയപ്പെട്ടിരുന്നു. ടി. പള്ളിക്കു് മദ്ബഹാമുതൽ മോണ്ടളംവരെ 25 കോലും, മോണ്ടളത്തിനു് 6 കോലും നിളമുണ്ടായിരുന്നു. മദ്ബഹായുടെ ഇരുവശങ്ങളിൽ തെക്കും വടക്കും കല്ലുക്കാട്ടപള്ളിയിലെപ്പോലെ മുറികളുമുണ്ടായിരുന്നു. ഈ കുരിശുപള്ളിയിൽ ആണ്ടുതോറും വി. സെബസ്ത്യാനോസ് സഹദായുടെയും, വി. ഗീവറുഗിസുസഹദായുടെയും തിരുനാളുകൾ അത്യാഡംബരപൂർവ്വം കൊണ്ടാടിയിരുന്നു. വലിയപള്ളിയിൽനിന്നു് രാക്കുളിത്തിരുനാളിനു് പ്രദക്ഷിണം ഇവിടെ വന്നിട്ടാണ് മടങ്ങിയിരുന്നതു്. മസൂരിമുതലായ സാംക്രമികരോഗങ്ങൾമൂലം മരിക്കുന്ന

വരെയും ആണ്ടുകുമ്പസാരം മുടക്കുള്ളവരായി മരിക്കുന്നവരെയും അടക്കിയിരുന്നത് ഈ പള്ളിയുടെ തെക്കുവശത്തുള്ള പറമ്പിലായിരുന്നു. ആശ്രമത്തിനു ലഭിച്ച അവസരത്തിൽ ഈ പറമ്പിൻെറനീളം വടക്കേടത്തുപറമ്പിൻെറ അതിത്തിമുതൽ തെക്കേത്തലയ്ക്കൽപറമ്പുവരെ 75 കോലും അറുമുതൽ കാഞ്ഞിക്കുഴിയുടെ തെപ്പറമ്പും കണ്ടുകൃഷിനിലവുംവരെ 54 കോലും ആയിരുന്നു.

ആധാരം രജിസ്തരാക്കിക്കൊടുത്തശേഷം മെത്രാപ്പോലീത്താ അവർകൾ ഇവിടെ കൊവേന്ത പണിയിക്കുന്നതിനായി ഫ്രാൻസു ദേശീയനായ പെ. ബ. യൌസേപ്പ് ഏലിയാ മിഷ്യനറിയേയും, തട്ടാശ്ശേരിൽ ബ. സ്സ്തീയാ യൌസേപ്പ് അച്ചനേയും, മണക്കുന്നേൽ ബ. യൌസേപ്പു മറിയം അച്ചനേയും നിയമിച്ചു. ഈ ബ. വൈദികർ ഇടവകപ്പള്ളിയിൽ ബ. അരേച്ചേരിലച്ചൻെറ അതിഥികളായി പാർത്തുകൊണ്ട് പണിനടത്തി. തെക്കുവശത്തുണ്ടായിരുന്ന മുറിപൊളിച്ച് പള്ളിയുടെ മതിൽ മുതൽ പറമ്പിൻെറ തെക്കെഅറ്റംവരെ തെക്കുവടക്കായി കൊവേന്തക്കെട്ടിടത്തിനു ആറ്റരികിൽതന്നെ അടിസ്ഥാനം ഇട്ടു. ഇടവകക്കാരുടെ ദാനവും കെട്ടുതെങ്ങ് പിടിയരി മുതലായവയും ആണ് പണിയുടെ പുരോഗമനത്തിന് ആധാരമായിരുന്നത്.

ഇതിനിടയിൽ പെ. ബ. യൌസേപ്പ് ഏലിയാ മിഷ്യനറി സ്ഥലത്തെ പുലയർ പറയർ മുതലായവരെ ഉപദേശിച്ച് സത്യവേദം സ്വീകരിപ്പിച്ചു. ഇവക്കായി വാച്ചാപറമ്പു കുടുംബക്കാരുടെ കൃഷിസ്ഥലമായ വേണാട്ടുകാട്ടിൽ ഉണ്ടാക്കിയ ഒരു പന്തലിൽ വച്ച് ഞായറാഴ്ചതോറും പ്രസ്തുത മിഷ്യനറിയും നമ്മുടെ അച്ചന്മാരും മുറസ്സ് ദിവ്യപൂജ അർപ്പിക്കുകയും ഉപദേശിക്കുയുംചെയ്തിരുന്നു.

രണ്ടുമൂന്നുകൊല്ലങ്ങൾക്കുശേഷം കിഴക്കൻ പള്ളികളിൽ ജ്ഞാനധ്യാനപ്രസംഗങ്ങൾക്കായി മിഷ്യനറിയും അച്ചന്മാരും പോയതിനാൽ കുറെ മാസങ്ങളോളം പണിനടക്കാതെ വന്നു. തദവസരത്തിൽ അരണാട്ടുകരെ, ഏൽത്തുരുത്ത് കോവേന്തയുടെ പണിപൂർത്തിയാക്കി വടക്കൻദിക്കിലെ പള്ളികളുടെ ശ്ലീഹാ ആയി ആ ആശ്രമത്തിൽ താമസിച്ചിരുന്ന തോപ്പിൽ ബ. ഗീവർഗീസ് യൌസേപ്പച്ചൻ വിശ്രമാർത്ഥം മാന്നാനം ആശ്രമത്തിൽ വന്നു. ബർണ്ണർദ്ദിനോസ് മെത്രാപ്പോലീത്താ ഇദ്ദേഹത്തെത്തന്നെ നമ്മുടെ കൊവേന്തയുടെയും പണി പൂർത്തിയാക്കുന്നതിനായി 1864–ൽ നിയോഗിച്ചു. കൊവേന്ത പണിപൂർത്തിയാക്കി 1866–ൽ ബ.

തോപ്പിലച്ചൻ ആശ്വസിക്കുന്നതിനും സന്ന്യാസത്തിന്റെ പരിപൂർണ്ണതയിൽ ആനന്ദിക്കുന്നതിനുമായി സ്വന്ത ആവശ്യപ്രകാരം മാന്നാനത്തു താമസമാക്കി. എങ്കിലും 1868 വരെ ഇടയ്ക്കിടയ്ക്കു ഇവിടം സന്ദർശിക്കയും ആവശ്യമായ കസേര, കട്ടിൽ മുതലായവ ശേഖരിക്കുകയും ചെയ്തുകൊണ്ടിരുന്നു. 1868-ൽ ഇവിടെത്തന്നെ അല്പേഹം സ്ഥിരമായി താമസിച്ചു് കായ്ക്കൽ അന്വേഷിച്ചു. പിന്നീടു് ഏൽത്തുരുത്തു കൊവേന്ത സന്ദർശിക്കുന്നതിനായി പോയി. അവിടെനിന്നു് തിരിച്ചുവരുമ്പോൾ, സഭയുടെ ഫ്രാമത്തെ പൊതുശ്രേഷ്ഠനായ ചാവറ പെ.ബ. കുറിയാക്കോസ് ഏലിയാ അച്ചനും, പെ. ബ. ലേയോപ്പാൾഡ് മിഷ്യനറിയും, ബ. കളത്തിലച്ചനും പുളിങ്കുന്നു കൊവേന്ത സന്ദർശിക്കുന്നതിനായി അല്പേഹത്തോടൊരുമിച്ചു പോന്നു. അവർ കെട്ടിടവുംമറ്റും കണ്ടു് കൃതാർത്ഥരായി മടങ്ങി.

1868 കന്നി 5—ാംനു- ബെന്റർദീനോസു മെത്രാപ്പോലീത്താ കാലംചെയ്തുയാൽ വിൻഗാമിയായി എ. പെ. പെ. ബ. ലെയോനാർദ്ദു മെത്രാപ്പോലിത്താ ഭരണം കയ്യേറ്റു അടുത്തവർഷമായ 1869—ൽ വത്തിക്കാൻ സൂനഹദോസിനു് ലോകത്തിലുള്ള സകല മെത്രാന്മാരെയും ക്ഷണിച്ച അവസരത്തിൽ പുത്തൻക്രൂർമത്തൻമെത്രാനെയും അനന്തിരവൻ കൊച്ചുമെത്രാനെയും ക്ഷണിച്ചിരുന്ന തിരുപ്പഴുത്തുകൾ കൊടുപ്പാൻ എ. പെ. പെ. ബ. ലെയോനാർദ്ദു മെത്രാപ്പോലിത്തായുടെ കല്പനപ്രകാരം മാന്നാനം സെമിനാരി റെക്ടർ പെ. ബ. കുറിയാക്കോസ് ഏലിശാ അച്ചനും ആ ആശ്രമവികാരി ബ. അപ്രേംസ്സൂറിയാച്ചനുംകൂടി പോവുകയിൽ ഈ കൊവേന്ത സന്ദർശിച്ചു എന്നതും സ്മരണീയംതന്നെ. സകലഭവനികളും പൂർത്തിയായിരുന്നുവെങ്കിലും അടുത്തു തെക്കുവശത്തുള്ള തെക്കേത്തലയ്ക്കൽവീട്ടും പറമ്പും അതിനു പടിഞ്ഞാറുഭാഗമായിരുന്ന തൈപ്പറമ്പും ആശ്രമവാസത്തിനനുയോജ്യമായ പരിതഃസ്ഥിതികളല്ലായിരുന്നു. അതിനാൽ പ്രസ്തുത വൈദികർ ഈ സ്ഥലങ്ങൾകൂടി വാങ്ങുന്നതിനു് ബ. തോപ്പിലച്ചനെ പ്രേരിപ്പിച്ചു.

ബ. തോപ്പിലച്ചന്റെ ശ്രമത്താൽ 1870 ചിങ്ങമാസം 9—ാംതിയതി തെക്കേത്തലയ്ക്കുപ്പറമ്പിന്റെ (44 സെന്റു) ഉടമസ്ഥരായ വാച്ചാപറമ്പുകാരും, ചിങ്ങമാസം 13—ാംതീയതി തൈപ്പറമ്പിന്റെ (14 സെന്റു്) ഉടമസ്ഥരായ കാഞ്ഞിക്കക്കാരും അവ കൊവേന്തയ്ക്കു തീറായി തന്നു. വാച്ചാപറമ്പുകാരുടെ വസ്തുവിന്റെ വിലയായ 40,000 ചക്രത്തിൽ 10,000 ചക്രം

കൊവേന്തസ്സ്തന്നെ ദാനംചെയ്തു. എന്നാൽ അവർ പിന്നിട്ട്, ബാക്കിയുണ്ടായിരുന്ന 30,000 ചക്രവും സഭയുടെ പൊതുശ്രേഷ്ഠനായ ചാവറ പ്രിയോരച്ചന്റെ പക്കൽ (ക്രമമാവുങ്കൽ കൊണ്ടുപോയി) സമർപ്പിക്കയാണ ചെയ്തത്. അദ്ദേഹം ഈ കൊവേന്തശ്രേഷ്ഠനായിരുന്ന ബ. തോപ്പിലച്ചനെത്തന്നെ അതു ഏല്പിച്ചു. നന്ദിസൂചകമായി, പെ. ബ. ചാവറപ്രിയോരച്ചന്റെ കല്പനപ്രകാരം, തീറാധാരമെഴുതിത്തന്ന മാളിയേസ്സൽ മാത്തൻ കുഞ്ഞറിയ (കൊച്ചുപാപ്പി) യുടെയും, മാത്തൻമാത്തന്റെയും (കൊച്ചുമാത്തൻ) ഇവരുടെ മാതാപിന്റെയും ജീവിതകാലം മുഴുവനും ആണ്ടുതോറും ഓരോ കുബ്ബാനചൊല്പിവരികയും, ഓരോരുത്തരും മരിച്ചദിവസം ആഘോഷമായ പാട്ടുകുബ്ബാനയും ഒപ്പീസും നടത്തുകയും ചെയ്തു. തന്നെയുമല്ല ഇപ്പോഴും ആണ്ടുതോറും ഓരോ കുബ്ബാന ഈ കുടുംബത്തിനായി ചൊല്പിവരുന്നുമുണ്ട്.

പെ. ബ. ചാവറ പ്രിയോരച്ചന്റെ കല്പനപ്രകാരം കാഞ്ഞിക്കൽനിന്നും ദാനംതന്നവരായ നാലുപേരിൽ ബ. സ്സ്കറിയാച്ചന്റെ ഒഴികെ, ചാണ്ടപ്പിള്ള മാത്തുവിന്റെയും, ചാണ്ടപ്പിള്ള ചാണ്ടപ്പിള്ളയുടെയും, ചാണ്ടപ്പിള്ള തൊമ്മിയുടെയും മരണംവരെ ആണ്ടുതോറും ഓരോ കുബ്ബാന ചൊല്പുകയും അവരുടെ മരണദിവസങ്ങളിൽ ഓരോ ആഘോഷമായ പാട്ടുകുബ്ബാനയും ഒപ്പീസും നടത്തുകയുംചെയ്തു. പിന്നീടും ഇവർ ആണ്ടുതോറും ഓരോ കുബ്ബാന ചൊല്പുന്നതിനായി 4 പറ നിലം കൊവേന്തസ്സ് ദാനമായി ബ. തോപ്പിലച്ചനെ ഏല്പിച്ചു. അതനുസരിച്ചു അവക്കുവേണ്ടിയും ഇപ്പോൾ ആണ്ടുതോറും ഓരോ കുബ്ബാന ചൊല്പിവരുന്നു.

ബ. തോപ്പിലച്ചനും മറ്റു ചില അച്ചന്മാരുംകൂടി ഇവിടെ താമസിച്ചുവരികയിൽ, മാന്നാനത്തു സ്ഥലം ആവശ്യത്തിനുതികയാതെ വന്നതിനാൽ, ശമ്മാച്ചന്മാരെയും വൈദികപദവിയിൽ പ്രവേശിപ്പാനാഗ്രഹമുള്ള കുട്ടികളെയും ഇവിടെ ചേർത്തു ഒരു സെമിനാരി തുടങ്ങുന്നതിന് എ. പെ. പെ. ബ. ലെയോനാർദ്ദു മെത്രാപ്പോലീത്താ കല്പന അയച്ചു. കല്പനയനുസരിച്ച് ഇരുപതോളം വിദ്യാർത്ഥികൾ ഇവിടെ പഠനമാരംഭിച്ചു.

താമസംവിനാ മംഗലത്തു ബ. ചാക്കോച്ചനെ ബ. തോപ്പിലച്ചനു സഹായിയായി അയച്ചു. ബ. ചാക്കോച്ചൻ അന്നത്തെ പള്ളിയുടെ വടക്കുഭാഗത്തുണ്ടായിരുന്ന മുറിയുടെ തട്ടും തുലാങ്ങളും മാറ്റി ഒരു മനോഹരമായ കപ്പേളയാക്കിത്തീർത്തു. അവിടെ

വിശുദ്ധ കുബ്ബാന സ്ഥാപിച്ചു് വിസിത്തയും ആരാധനയും കഴിച്ചു തുടങ്ങുകയുംചെയ്യു.

പുളിങ്കുന്നാശ്രമം ഒരു കൊവേന്തയാക്കുകയില്ലെന്നും മറ്റും പറഞ്ഞുകേട്ടു് ബ. തോപ്പിലച്ചൻ സങ്കടപ്പെട്ടിരിക്കുമ്പോൾ എ. പെ. പെ. ബ. മെത്രാപ്പോലീത്താ ബ. തോപ്പിലച്ചനെ പുളിങ്കുന്നുകൊവേന്തയുടെ ആദ്ധ്യവികാരിയായി നിശ്ചയിച്ചിരിക്കുന്നതായി ഒരെഴുത്തയച്ചു. അതിന്റെ പകർപ്പു് ചുവടെ ചേർക്കുന്നു.

"നാം മലയാളത്തിന്റെ വിശ്വാരി അപ്പസ്തോലിയ്ക്കാ ആയ പ്രേ. ലേഒനാർദ് ദെസാംപ്ലൂവിസ് നിക്കൊമേദിയ എന്ന ദിക്കിന്റെ മെത്രാപ്പോലീത്താ എഴുത്തു്.

നമ്മുടെ സ്നേഹപ്പെട്ട തോപ്പിൽ ബ. ആഹാ ഗീവറുഗീസു യൌസേപ്പു കണ്ടന്നാൽ. പുളിങ്കുന്നിൽ പണിയിച്ചിരിക്കുന്ന കൊവേന്ത നാം കൊവേന്തയാക്കുകയില്ലെന്നും മറ്റും വിചാരിക്കയും സങ്കടപ്പെടുകയുംവേണ്ടാ. ആ കൊവേന്തയിൽ വിശ്വാരിക്കുട്ടത്ത മുഴ്ക്കുരത്തങ്ങളും തന്നിട്ടു നാം തന്നിരിക്കുന്നു. ശമ്മാശമ്മാരെ തന്റെ ബോദ്ധംപോലെ സൌകര്യമായിട്ടു പാർപ്പിച്ചുകൊള്ളണം. അവക്കുള്ള കുസിഞ്ഞയും തൽക്കാലത്തേയ്ക്കായിട്ടു് കെട്ടിച്ചുകൊള്ളണം. പാട്ടണ്ടാകുമ്പോൾ കൊവേന്തപ്പട്ടക്കാരെ അങ്ങോട്ടയയ്ക്കുന്നതിനു നാം ആഗ്രഹിച്ചിരിക്കുന്നു. ഇപ്പോൾ അങ്ങോട്ടയയ്ക്കുന്നില്ല പാടില്ല. അവിടെയുള്ള ശമ്മാശമ്മാക്കു ചില സമയംചൊല്ലിക്കൊടുക്കുന്നതിനും മറ്റും മാന്നാനത്തിൽ നിന്നും ഒരു ശമ്മാശിനെ അങ്ങോട്ടയയ്ക്കുയുമാം. പാട്ടണ്ടെങ്കിൽ പുതുക്രിസ്ത്യരുടെ കണ്ടനാടുകളിൽപോയി അവരെ കുമ്പസാരിപ്പിക്കയും കൃഷിസ്ഥലങ്ങളിൽപോയി വാഴ്വുകൊടുക്കയും ചെയ്യാം. ഞാറക്കാരൻ ശമ്മാശിനു ഊണും തീനും മറ്റു ശമ്മാശമ്മാരൊട്ടുക്കുടെ. ശമ്മാശമ്മാക്കുള്ള വെളക്കുവെപ്പു് മറ്റുകൊവേന്തകളിലെപ്പോലെ ചെയ്തുകൊള്ളണം. ഇതു വരാപ്പുഴെ നിന്നും 1871—ാം കാലം മീനമാസം 15—ാം തീയതി.

(*Sd.*) ✠ Fr. Leonardo de S. Luis,
Arch. Vig. Ap.

മേൽവിലാസം:—

പുളിങ്കുന്നുകൊവെന്തയിൽ തൊപ്പിൽ
ബ. ഗീവറുഗീസുകത്തനാക്കു മുദ്രവെച്ചു വരുന്നതു്.—

ആ കൊല്ലം തന്നെ സെമിനാരിക്കാരുടെ മേൽനോട്ടത്തിനായി മാതേക്കൽ ബ. മത്തായി അച്ചനേയും, ഇവിടുത്തെ ആശ്രമവാസിയായി റാത്തപ്പള്ളിൽ ബ. യോഹന്നാനച്ചനേയും നിശ്ചയിച്ചയച്ചു.

ബ. തോപ്പിലച്ചന്റെ സംബന്ധക്കാരായ കാഞ്ഞിക്കക്കാരുടെ കണ്ടുകൃഷി നിലത്തിൽനിന്നും—അന്നത്തെ കൊവേന്തപ്പറമ്പിന്റെ പടിഞ്ഞാറുവശത്തു കിടന്നിരുന്ന—36 സെൻറുള്ള 4 പറ നിലം ആണ്ടുതോറും ഒരു കുമ്പാന അവരുടെ പേക്കു ചൊല്ലുന്നതിലേയ്ക്കായി അവരിൽനിന്നും ദാനമായി അഭ്യർത്ഥം വാങ്ങി. ഈ നിലം നികത്തി തൈകൾ വയ്ക്കുകയും, അതിന്റെ നടുവിൽ വേനൽക്കാലത്തു കുടിപ്പാൻ വെള്ളം ലഭിക്കത്തക്ക ഒരു കുളമുണ്ടാക്കുകയുംചെയ്തു. ഇപ്രകാരം കൊവേന്തപ്പറമ്പിന്റെ വിസ്തൃതി വർദ്ധിക്കുകയും മുൻപറമ്പിന്റെ അരികിൽക്കൂടി കിടന്നിരുന്ന നടപ്പുവഴി പുത്തനായി പൊക്കിയ ഈ പറമ്പിന്റെ പുറമെക്കൂടി ആക്കുകയുംചെയ്തു.

ബ. തോപ്പിൽ അംബ്രോസിസച്ചന്റെ പ്രഥമ ദിവ്യപൂജാപ്പുണ്ണം ഇവിടുത്തെ പള്ളിയിൽവച്ചു് ഈയിടയാണ് നടന്നതു്.

ബ. തോപ്പിലച്ചനു കാലിലുണ്ടായിരുന്ന ഒരു പഴുപ്പു് പ്രായാധിക്യവും തടിച്ച ശരീരസ്ഥിതിയും നിമിത്തം വർദ്ധമാനമായി. ആരംഭത്തിൽ വളരെ വിഷമിച്ചെങ്കിലും പ്രതിദിനം ദിവ്യപൂജ അർപ്പിച്ചുപോന്നു. എന്നാൽ അവസാനമാകട്ടെ ആശ്രയിൽ രണ്ടു പ്രാവശ്യമെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുവേണ്ടി പള്ളിയിലെത്തുന്നതിനുപോലും പരസഹായംവേണ്ടിവന്നു. മാവേലിക്കര അയ്യ എന്നറിയപ്പെടുന്ന ഡാക്ടർ പലപ്പോഴും വന്നു കണ്ടു ചികിത്സിച്ചിരുന്നുവെങ്കിലും ദിനം ഒന്നിനൊന്നു വർദ്ധിച്ചുവന്നതേയുള്ളു. അന്നത്തെ സഭാപൊതുശ്രേഷ്ഠനും രണ്ടാമത്തെ പ്രിയോരുമായിരുന്ന പോത്തുക്കര പെ. ബ. കുറിയാക്കോസ് ഏലീശാ അച്ചനും അനന്തിരവൻ ബ. ചാണ്ടപ്പിള്ളയച്ചനും രോഗിയെക്കണ്ടു ആശ്വസിപ്പിക്കുന്നതിനായിവന്നു. ഭാഗ്യവാനും ദൈവത്തിന്റെ ഇഷ്ടനും, എല്ലാവരുടെയും സ്നേഹപാത്രവും, പരിശുദ്ധനും പരമാർത്ഥിയുമായിരുന്ന ബ. തോപ്പിലച്ചൻ അവരുടെയും മറ്റു ആശ്രമവാസികളുടെയും മദ്ധ്യേ അന്ത്യക്രിയാശകലെല്ലാം നല്ല ഒരുക്കത്തോടുകൂടി സ്വീകരിച്ചു് 1873 തുലാമാസം 13-ാംതിയതി കർത്താവിൽ ദിവ്യനിദ്രപ്രാപിച്ചു. പിറേറദിവസം

ആഘോഷമായ ശവസംസ്കാരകർമ്മം നടന്നു. ശരീരത്തിന്റെ അവസാനവിശ്രമസ്ഥാനം അന്നത്തെപ്പള്ളിയുടെ മദ്ബഹാ (ഇപ്പോഴത്തെ ചെറിയ സങ്കീർത്തി) ആകുന്നു.

രണ്ടാം അദ്ധ്യായം.

പ്രിയോരാത്തായി ഉയർത്തിയ കാലംവരെ.

ബ. തോപ്പിലച്ചന്റെ മരണാനന്തരം, ഇദ്ദേശവാസികളായ ജനങ്ങളുടെയും വൈദികരുടെയും കണ്ണിലുണ്ണിയായിരുന്ന മംഗലത്തു ബ. ചാക്കോച്ചനെ ഇവിടുത്തെ ശ്രേഷ്ഠനായി എ. പെ. പെ. ബ. മെത്രാപ്പോലീത്താച്ചൻ നിശ്ചയിച്ചു. 1873 ഇടവത്തിലെ പൊതുസംഘത്തിൽ വച്ചു് ഇദ്ദേഹത്തെ, ആ കാലങ്ങളിൽ സഭയുടെ നവസന്ന്യാസഗൃഹമായിരുന്ന ക്രനമ്മാവാശ്രമത്തിന്റെ ശ്രേഷ്ഠനായി തെരഞ്ഞെടുത്തു. എന്നാൽ ആ സ്ഥാനത്തിൽ നിന്നും ഒഴിവുവാങ്ങിക്കൊണ്ടു് ഇവിടെത്തന്നെ അദ്ദേഹം താമസിക്കയാണ് ചെയ്തതു്. അതിനാലാണ് മെത്രാപ്പോലീത്താ ഇവിടുത്തെ ശ്രേഷ്ഠനായി അദ്ദേഹത്തെ നിശ്ചയിച്ചതു്. അദ്ദേഹത്തിന്റെ കാലത്തു്, ബ. വലിയ പൌലോസച്ചൻ, ബ. വാവണ്ണിയച്ചൻ, ശംക്രരിക്കൽ ബ. പൌലോസച്ചൻ, ബ. ശെമ്മ്വാരച്ചൻ, കല്ലുക്കാരൻ ബ. പൌലോസച്ചൻ, മാതേസ്സൽ ബ. മത്തായി അച്ചൻ, മീനാട്ടർ ബ. മനുവേലച്ചൻ മുതലായവർ ഇവിടെ ആശ്രമവാസികളായി താമസിച്ചിട്ടുണ്ടു്.

റോക്കോസ് എന്ന ശീശ്മ മെത്രാൻ 1861 മേയ്മാസത്തിൽ മലയാളത്തു വരികയാൽ നമ്മുടെ പല പള്ളികൾ മുഴുവനായും ചില പള്ളികൾ പകുതിയായും ശീശ്മയിൽ അധഃപതിക്കാൻ ഇടയായി. കമ്മലീത്താസഭയുടെ ഒന്നാം പ്രിയോരച്ചനെ 1861 ജൂൺ 8-ാംതീയതി സുറിയാനിക്കാരെല്ലാവരുടെയും വികാരിജനറാളാക്കിയുയർത്തി ജനങ്ങളെ സമാധാനപ്പെടുത്തി. റോക്കോസിനെ പരിശുദ്ധസിംഹാസനത്തിന്റെ കല്പനയാൽ മെത്രാപ്പോലീത്താ മഹറോൻ ചൊല്ലുകയാൽ 1862-ൽ ഇവിടെ

നിന്നും അദ്ദേഹം തിരിച്ചുപോയി. അതിന്റെശേഷം ജനങ്ങൾ സമാധാനസഹിതം കഴിഞ്ഞുകൂടി. എന്നാൽ ചില കുബുദ്ധികളുടെ സാഹസത്താൽ മേല്പൂസ് എന്ന പേരൊരു ശിശ്മ മെത്രാൻ 1874 ഒക്ടോബറിൽ ഇവിടെ വന്നു. ചില പള്ളികൾ ഇദ്ദേഹത്തോടു ചേരുകയും അങ്ങിനെ വീണ്ടും ശിശ്മ ഉദ്ഭവിക്കുകയും ചെയ്തു. സുറിയാനിക്കാരുടെ ഈ പ്രലപനീയമായ വിഷമസ്ഥിതിക്കു കാരണം സ്വജാതിയിൽ മേല്പട്ടക്കാരനില്ലാത്തതാണെന്ന് മനസ്സിലാക്കി ചിലർ അതിനു പരിഹാരമാർഗ്ഗം തേടുവാൻ ശ്രമിച്ചു. ഇക്കൂട്ടരിൽ ചിലർ ഈ ആശ്രമാംഗങ്ങളായിരുന്നു. എന്നല്ലാ ഈ കൊവേന്തയാണ് ഇതിന്റെ കേന്ദ്രമെന്ന് മെത്രാപ്പോലീത്തായേ ആരോ ധരിപ്പിക്കയാൽ 1875 ധനുമാസത്തിൽ പെ. ബ. കാന്തിട്ടൂസ് മിഷ്യനറിയേയും, ബ. തട്ടാശ്ശേരിലച്ചനേയും കാര്യങ്ങൾ ശരിപ്പെടുത്തുവാൻവേണ്ടി മെത്രാപ്പോലീത്താ ഇവിടേയ്ക്കയച്ചു. അവർ ഈ ആശ്രമശ്രേഷ്ഠനായ മംഗലത്തു ബ. ചാക്കോച്ചനെ വാഴക്കുളം ആശ്രമത്തിലേയ്ക്കും, ബ. വലിയ ദേവസ്സിയച്ചനെ അമ്പഴക്കാട്ടേയ്ക്കും സ്ഥലം മാറ്റി. മാതേയ്ക്കൽ ബ. മത്തായി അച്ചനേയും, മീനാട്ടൂർ ബ. മനുവേലച്ചനേയും, ശംകുരിക്കൽ ബ. പൌലോസച്ചനേയും സഭയിൽ നിന്നു ബഹിഷ്കരിക്കുകയും ചെയ്തു. മാന്നാനത്തുനിന്ന് ബ. ചാവറ യൌസേപ്പച്ചനേയും, ഇരിമ്പൽ (കീരി) ബ. വറുഗീസച്ചനേയും, പഴേപറമ്പിൽ ബ. ളൂയിസച്ചനേയും, തറവട്ടത്തു ബ. ഫിലിപ്പോസച്ചനേയും സഭയിൽനിന്നും ഇതേകാരണത്താൽതന്നെ തള്ളിക്കളഞ്ഞു. ഇവരാണ് "ഏഴു വ്യാകുലങ്ങൾ" എന്നറിയപ്പെടുന്നവർ. വേറെ പലർക്കും ഇതേ ശിക്ഷതന്നെ നിശ്ചയിച്ചിരുന്നെങ്കിലും പരിശുദ്ധ സിംഹാസനത്തിൽനിന്ന് മുടക്കു കല്പന വരുകയാൽ ആരെയും ശിക്ഷിച്ചില്ല. ഇതിന്റെശേഷം കൊവേന്തയുടെയും സെമിനാരിയുടെയും നടത്തൽ ബ. തട്ടാശ്ശേരിലച്ചന്റെയും പെ.ബ. കാന്തിട്ടൂസ് മിഷ്യനറിയുടെയും ഹിതാനുസാരം വലിയപള്ളി വികാരിയായിരുന്ന ബ. കാഞ്ഞിക്കൽ കൊച്ചച്ചനെ ഏല്പിച്ചിട്ട്, അവർ മെത്രാപ്പോലീത്തായുടെപക്കൽ റിപ്പോർട്ടു സമർപ്പിക്കുന്നതിനായി പോയി.

ഏറെത്താമസിയാതെ കൊട്ടുവാടത്തു ബ. മാത്തച്ചനെ (മത്തായി ഗ്രഗോരിയോസച്ചനെ) ഇവിടെ ശ്രേഷ്ഠനായി 1876 മേയ് മാസത്തിൽനിയമിച്ചു. അദ്ദേഹത്തോടുകൂടെ സഭാംഗങ്ങളായ രണ്ടു വൈദികർക്കുടി ആശ്രമവാസികളായി വന്നു. പള്ളി വലുതാക്കി

പണിയിക്കണമെന്ന് നിശ്ചയിച്ച് പഴയ പള്ളി പൊളിച്ച് കൊ
വേന്തക്കെട്ടിടത്തിന്റെ വടക്കേ അറ്റത്തുനിന്നും കിഴക്കു പടി
ഞ്ഞാറ് കിഴക്കോട്ട മുഖവാരമായി 40 കോൽ നീളത്തിൽ അടി
സ്ഥാനമിട്ടു. അടിസ്ഥാനമിട്ടത് പെ. ബ. കാന്തിട്ടസ് മിഷ്യനറിയാ
യിരുന്നു. എന്നാൽ തറ പൊങ്ങിയപ്പോൾ പടിഞ്ഞാറെ അറ്റം അ
ധികം താഴുകയും മറ്റു ചില സ്ഥലങ്ങളിൽ പൊട്ടുകയും ചെയ്ത
തിനാൽ പണി നിറുത്തിവയ്ക്കേണ്ടിവന്നു. ഇതിനിടയ്ക്ക് തല്ക്കാലോ
പയോഗത്തിനായി പടിഞ്ഞാറുവശത്തു ഒരു കപ്പേള പണിതു.
കൊടുവാടത്തു ബ. മാത്തച്ചന്റെ കാലത്ത് ആറിനു മുകളായി
ലുള്ള ഇഴപ്പാടിച്ചിറയിൽ സ്ഥലം വാങ്ങി നികത്തി തെക്കൽ
വയ്ക്കുകയും മൂചാരിത്തറയുടെ നിലം (12 കുമ്പാനയ്ക്കുള്ളതു) വാ
ങ്ങുകയും ചെയ്തു.

1878 മകരമാസത്തിൽ ബ. മാത്തച്ചനെ ക്രുനമ്മാവാശ്രു
മത്തിന്റെ ശ്രേഷ്ഠനായി തെരഞ്ഞെടുത്തതിനാൽ ബ. തട്ടാശ്ശേ
രിലച്ചൻ ഇവിടത്തെ ശ്രേഷ്ഠനായി നിയമിക്കപ്പെട്ടു. പള്ളിപ
ണിയെപ്പറ്റി അന്വേഷിപ്പാൻ ഏ. പെ. പെ. ബ. ലെയോനാർദ്ദു
മെത്രാപ്പോലീത്തായും പെ. ബ. പീലിപ്പോസ് മിഷ്യനറിയും
ഇവിടെ എത്തി. തുടങ്ങിയിരുന്ന പണി തുടരുവാൻ പാടില്ലെന്നും
പകരം തെക്കുവടക്കായി വേറെ പണി ആരംഭിക്കണമെന്നും അ
വർ നിർദ്ദേശിച്ചു. തദനുസാരം 1880 മാർച്ചുമാസം 1-ാംതീ
യതി പണിയാരംഭിച്ചു. ചങ്ങനാശ്ശേരി പള്ളി പണിയിച്ച മാളി
യേക്കൽ മാത്തുക്കുഞ്ഞായിരുന്നു ഇതിന്റെയും പ്ലാൻ കാണ്ട്രാക്ടർ.

പള്ളിപണിയുടെ വിവരം കൂട്ടനാട്ടിൽ കെട്ടിടം പണി
യിക്കുന്നവർക്ക് രസകരമാകയാൽ താഴെ ചേർക്കുന്നു. $2\frac{1}{2}$ അംഗുലം
ഘനത്തിൽ മാവിൻപലക അറപ്പിച്ച് നാലു ഭിത്തികളുടെയും വീ
തിയിലെടുത്തു ക്രുട്ടിച്ചേത്തു താഴെയുറപ്പിച്ചു. അതിനു മീതെ
വലിയ കല്ലുകൾ നിരത്തി നാഗക്കമ്പികൊണ്ടു ഉറപ്പിച്ചു. വീതി
യിൽ മൂന്നു കമ്പികൾ വേറെയും ഇട്ടു. വടക്കേ അറ്റത്തെ ഭിത്തി
യുടെ അകത്തെ അരികിൽ കിഴക്കു പടിഞ്ഞാറായി ഒന്നും, അവി
ടെനിന്നും 5 കോൽ 18 അംഗുലം തെക്കുമാറി വേറൊന്നും,
വീണ്ടും 8 കോൽ 1 അംഗുലം തെക്കുമാറി മറ്റൊന്നും ഇങ്ങനെ
യാണ് ആ കമ്പികൾ സ്ഥാപിച്ചിരിക്കുന്നതു.

1881 വൃശ്ചികം 10-ാം തീയതി ശീലാന്തികൾ കയറി.
അന്നു, ഇവിടെ പഠിച്ചിരുന്ന നാലു പേരുടെ വകയായി പണി

ക്കാക്ക് ഒരു "വെള്ളം കുടി"കൊടുത്തു. 1882 മകരം 26–ാംതിയതി വ്യാഴാഴ്ച പള്ളിക്കു ഉത്തരം വസ്തുകയും അന്ന് സെമിനാരിക്കാരുടെ വകയായി പണിക്കാക്ക് ഒരു "വെള്ളംകുടി" ക്രൂടി നടത്തുകയുംചെയ്തു. കുംഭം 11–ാംതിയതി മേൽക്കുട്ട കയറി ഓല കെട്ടിത്തിത്തു. മീനം 8–ാംതിയതി മംഗലാപുരത്തു നിന്ന് 5000 ഓട്ട വരുത്തി 1883 മീനം 14–ാംതിയതി ഓടിറക്കുവാൻ തുടങ്ങി; 21–ാംതിയതി ആ ജോലി അവസാനിക്കയും ചെയ്തു. പുളിങ്കുന്നു ഇടവകക്കാർ എല്ലാവരുടേയും ഓരോ പറമ്പിൽ നിന്നും

ഓരോ തെങ്ങു വീതം ബ. തട്ടാശ്ശേരിലച്ചന്റെ അപേക്ഷാനുസാരം കൊടുത്തതാണ് ഇത്രവേഗം പള്ളിപണി തീരുവാൻ കാരണം.

1880–ൽ കുമ്പാനപ്പട്ടമേറെ സ്വന്ത അനന്തിരവൻ പുഞ്ചെക്കുന്നേൽ ബ. പ്രദരിക്കോസച്ചനെ ബ. തട്ടാശ്ശേരിലച്ചൻ ഇവിടെ കൊണ്ടുവന്നു കൂട്ടുകാരനായി താമസിപ്പിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ശരിരപ്രകൃതിക്ക് ഈ സ്ഥലം അനുയോജ്യമല്ലായിരുന്നതിനാൽ വേഗം തന്നെ ഇവിടെ നിന്നും പോകേണ്ടിവന്നു. 1882–ൽ ഇവിടുത്തെ സെമിനാരി നിറുത്തി ശമ്മാശന്മാരെ മാന്നാനത്തേയ്ക്കയച്ചു.

പള്ളിപണി അവസാനിച്ചതോടുകൂടി ബ. തട്ടാശ്ശേരിലച്ചന് കണ്ണത്തിൽ ഒരു കുരു ഉത്ഭവിച്ചു. ദിനം അപകടകരമെന്നു ഗ്രഹിച്ച് മാവേലിക്കര അയ്യായെ വരുത്തി. അദ്ദേഹത്തിന്റെയും അഭിപ്രായം അതുതന്നെയായിരുന്നു. രോഗവിവരം മാന്നാനത്തും മറ്റും അറിയിച്ചു. 1883 മീനത്തിൽ ഇവിടെ നമ്മുടെ അച്ചന്മാർ ആരും ഇല്ലാതിരുന്നതിനാൽ പെ. ബ. പോത്തുക്കര പ്രിയോരച്ചൻ മാന്നാനം ആശ്രമവികാരിയായ കട്ടക്കയം ബ. ചാണ്ടിയച്ചനെ ഇവിടേയ്ക്കയച്ചു. അദ്ദേഹം വരുന്നതിനുമുമ്പുതന്നെ കല്ലുക്കാട്ട് ഇടവക കടപ്രക്കുന്നിൽ ബ. മാണിയച്ചനെ വരുത്തി കുമ്പസാരം നടത്തി. ബ. ചാണ്ടിയച്ചൻ വന്നശേഷം അന്ത്യക്രിയാശകളെല്ലാം സ്വീകരിച്ച് ദുഃഖവെള്ളിയാഴ്ചദിവസം മരണം പ്രാപിച്ചു. മൃതശരിരം ദർശനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ, അദ്ദേഹം പണിയിച്ച പുതിയ പള്ളിയുടെ വലിയ അൾത്താരപ്പടിക്കു താഴെ സംസ്കരിക്കപ്പെട്ടു. ചരമപ്രസംഗംചെയ്തത് പുളിങ്കുന്നുപള്ളി വികാരി പഴയപറമ്പിൽ ബ. ലൂയീസച്ചൻ ആയിരുന്നു.

ബ. തട്ടാശ്ശേരിലച്ചന്റെ മരണാനന്തരം ബ. കളത്തിലച്ചൻ ഇവിടത്തെ ശ്രേഷ്ഠനായി നിയമിക്കപ്പെട്ടു. ബ. കെറുബി നച്ചൻ, ബ. മരിയപ്രേമച്ചൻ, ബ. ബനദിക്തോസച്ചൻ ഇവർ ഇക്കാലത്തു് ഇവിടത്തെ ആശ്രമസ്ഥരായിരുന്നു.

1884 മകരമാസത്തിൽ കൊട്ടവാടത്തിൽ ബ. മാത്തച്ചൻ ഇവിടത്തെ ശ്രേഷ്ഠനാക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്തു് പള്ളിയുടെ പണികളെല്ലാം പൂർത്തിയാക്കി, പെ. ബ. പോത്രക്കര പ്രിയോരച്ചനെക്കൊണ്ടു വെഞ്ചരിപ്പിച്ചു് ദിവ്യകർമ്മങ്ങൾ നടത്തിത്തുടങ്ങി. പടിഞ്ഞാറുവശത്തുണ്ടാക്കിയ കപ്പേള പൊളിച്ചുമാറ്റുകയും ചെയ്തു.

1885 ഒക്ടോബറിൽ ബ. മാത്തച്ചൻ മുത്തോലി കൊവേന്തയുടെ വികാരിയായി മാറ്റപ്പെട്ടതിനാൽ തൽസ്ഥാനത്തു് പാലസ്തീൽ ബ. കുഴിച്ചൻ നിയമിതനായി. കളപ്പുരയ്ക്കാരുടെവക മണലാടിപ്പുറവും, പള്ളിക്കുട്ടമ്മേലച്ചന്റെ കുമ്പാനയ്ക്കായുള്ള വസ്തുവും വാങ്ങി കൊവേന്ത വസ്തുക്കളോടു ചേർത്തു.

ബ. കുഴിച്ചൻ വികാരിയായിരുന്ന കാലത്താണു്, സുറിയാനിക്കാർക്കായി നിയമിക്കപ്പെട്ട രണ്ടു ലത്തീൻ വികാരി അപ്പസ്തോലിക്കാമാരിൽ ഒരാളായ പെ. പെ. ബ. കാർത്തോസ് ലവീഞ്ഞ മെത്രാനും ഇൻഡ്യയുടെ ഡെലിഗറായ അന്ത്രയോസ് അയ്യത്തി മെത്രാപ്പോലീത്തായും മലയാളത്തിൽ വന്നതു്. ഡെലിഗറും അപ്പസ്തോലിക്കാ വന്നതു് ക്രുനമ്മാവാശ്രമക്കാർക്കും തീർച്ചപ്പെടുത്തുന്നതിനായിരുന്നു. ഇതു് ലത്തീൻറിത്തുകാർക്കു വിട്ടുകൊടുക്കുവാൻ തദധികൃതന്മാർക്കു് സമ്മതമായിരുന്നില്ല. എങ്കിലും പരിശുദ്ധപിതാവിന്റെ പ്രതിപുരുഷന്റെ ആജ്ഞാനുസരണം ലത്തീൻകാർക്കായി വിട്ടുകൊടുത്തു. 1889-ൽ ഇതുസംബന്ധിച്ചു് മാന്നാനത്തുവച്ചു കൂടിയ അസാധാരണ പൊതുസംഘത്തിൽവച്ചു് പുളിങ്കുന്നു കൊവേന്തയെ ഒരു പ്രിയോരാത്തായി ഉയർത്തി. ക്രുനമ്മാവിലെ നൊവീസ്യാത്തു അമ്പഴക്കാട്ടേയ്ക്കുമാറ്റി. തന്നെയുമല്ല ക്രുനമ്മാവു പ്രിയോർ അമ്പഴക്കാട്ടു പ്രിയോർ ആയി നിയമിക്കപ്പെട്ടുകയും ചെയ്തു. അമ്പഴക്കാട്ടു പ്രിയോരായിരുന്ന തളിയത്തു് പെ. ബ. വക്കിയച്ചനെ ഇവിടത്തെ ആദ്യപ്രിയോരായി തെരഞ്ഞെടുത്തു. എന്നാൽ ക്രുനമ്മാവു പ്രിയോരച്ചന് അവിടത്തെ വസ്തുകാര്യങ്ങൾ ശരിപ്പെടുത്തുവാൻ കുറേനാൾക്കൂടി അവിടെത്താമസിക്കേണ്ട ആവശ്യം നേരിട്ടുകയാൽ അമ്പഴക്കാട്ടെയും ഇവിടു

തെയും ശ്രേഷ്ഠന്മാർ പഴയ സ്ഥിതിയിൽതന്നെ അടുത്ത സംഘം വരെ തുടരേണ്ടിവന്നു. എന്നാൽ 1889 മേയ് മാസത്തിൽ ഇവിടുത്തെ പ്രിയോർസ്ഥാനിയായ പെ. ബ. വക്കിയച്ചൻ ഇവിടെ വന്ന് കൂട്ടുകാരനെ തെരെഞ്ഞെടുക്കുന്നതിൽ സംബന്ധിച്ചു. അതിന്റെ ശേഷമാണ് മാന്നാനത്തേയ്ക്കുപോയി പൊതുസംഘത്തിൽ സംബന്ധിച്ചതു്.

ബ. കുഴ്ച്ചന്റെ ഭരണകാലത്തു്, തെക്കേളത്തിൽ ബ. കുഴ്ചാക്കോസച്ചൻ 1886 ഒക്ടോബർ 1-ാം തീയതിയും, കൊടുവാടത്തിൽ ബ. ചിറിലോസച്ചൻ 1888 ഏപ്രിൽ 18-ാം തീയതിയും, ടി. ബ. മാത്തച്ചൻ 1888 ജൂലൈ 17-ാംതീയതിയും മരിച്ചു ഇവിടെ സംസ്കരിക്കപ്പെട്ടു.

മൂന്നാം അദ്ധ്യായം.

1889 മുതൽ 1905 വരെ.

1889 മെയ് മാസത്തിലെ സംഘത്തിൽവച്ചു് കോയിപ്പള്ളി പെ. ബ. പീലിപ്പോസ് യൗസേപ്പച്ചനെ ഇവിടുത്തെ പ്രിയോരായി തെരെഞ്ഞെടുത്തു. കൊവേന്തക്കെട്ടിടത്തിന്റെ മേച്ചിൽ ക്രമേണ കൊണ്ടായിരുന്നതിനാലും പട്ടികകൾക്കു പല സ്ഥലത്തും കേടു സംഭവിച്ചിരുന്നതിനാലും പുതിയ പട്ടിക തറച്ചു് മംഗലാപുരം ഓടിറക്കി പരിഷ്കരിക്കേണ്ടിവന്നു. അന്യ അച്ചന്മാരും, അൽമായക്കാരും അകത്തു പ്രവേശിച്ചിരുന്ന പതിവിനെ തടയുന്നതിനായി, കൊവേന്തക്കെട്ടിടത്തിന്റെ പടിഞ്ഞാറെയറ്റത്തു് പള്ളിക്കു തെക്കുഭാഗത്തായി ഒരു ചായ്പുണ്ടാക്കി. അന്യർക്ക് അവിടെമാത്രമെ പ്രവേശനമുണ്ടായിരുന്നുള്ളു. കൊവേന്തപ്പുരയിടം കൂറേക്കൂടി വിസ്താരപ്പെടുത്തുന്നതിനായി, പ്രായിക്കളത്തുകാരുടെ കണ്ടക്കൃഷിനിലത്തിൽനിന്ന് ടി പുരയിടത്തിയിലുണ്ടായിരുന്ന $6\frac{1}{2}$ പറ നിലംക്രൂടി വിലകൊടുത്തു വാങ്ങി. ഈ നിലം നികത്തി തെകൽവച്ചു. ആശ്രമാംഗങ്ങൾ പകർച്ചവ്യാധിയ്ക്കിരയായാൽ, അവർക്കു താമസിക്കുവാൻവേണ്ടി 600 രൂപായോളം ചെലവിട്ട് അവിടെ ഒരു ബംഗ്ലാവും പണിചെയ്തു.

അതിന്റെശേഷം മണലാടിപ്പുറമ്പിന്റെ പടിഞ്ഞാറുവ ശമുണ്ടായിരുന്ന തട്ടാത്തിപ്പുറമ്പ് തെക്കെമാളേയ്ക്കൽ മാത്തൻ അ വർകളോട് 350 രൂപായ്ക്ക് തീറുവാങ്ങി. വീണ്ടും പള്ളിയുടെവക പ്രതിമാസം 35 തേങ്ങയിൽ കുട്ടത്തൽ ആദായമില്ലാത്ത അരപ്പുറ സ്ഥലം 500 രൂപാ കൊടുത്ത് വാങ്ങേണ്ടിവന്നു. തട്ടാത്തിപ്പുറ മ്പിന്റെ തെക്കുവശത്തുണ്ടായിരുന്നതും മാളികയിൽ സ്ക്കറിയാ അവർകളുടെ കൈവശമിരുന്നതുമായ ഈഴവരുടെവക പറത്ത റപ്പുറമ്പും അടുത്ത പ്രിയോരച്ചന്റെ ഭരണകാലത്ത് 410 രൂപാ യ്ക്ക് തീറുവാങ്ങി.

അത്യുന്നത ദലഗാദപ്പസ്സോലിക്കായുടെ 1893-ലെ കല്പ നപ്രകാരം പൊതുസംഘത്തിൽവച്ചു തയാറാക്കപ്പെട്ട സഭാനിയ മസംഹിത അംഗീകരിക്കപ്പെട്ടുവന്നപ്പോൾ, സഭയുടെ അവേക്ഷ പ്രകാരം പ്രിയോർജനറാളായി നിയമിക്കപ്പെട്ട പെ.ബ. ബർണ്ണാർദ മിഷ്യനറി അവർകൾ എല്ലാ കൊവേന്തകളേയും സന്ദർശിച്ചക്ര ട്ടത്തിൽ ഇവിടെയും സന്ദർശനം നടത്തി.

അമ്പഴക്കാട്ടുവച്ച് 1894 മകരത്തിൽ നടന്ന പൊതുസം ഘത്തിൽ പാലാക്കുന്നേൽ പെ. ബ. ചാക്കോച്ചൻ ഇവിടു ത്തെ പ്രിയോർ സ്ഥാനത്ത് നിയമിതനായി. ബ. തട്ടാശ്ശേരില ച്ചൻ പണിയിച്ച പള്ളിയുടെ മുഖവാരം താഴുകയും വളവുകൾ പൊട്ടുകയും ചെയ്തിരുന്നത് ബ. പീലിപ്പോസച്ചൻ നന്നാക്കിയി രുന്നു. എന്നാൽ പ്രതിവർഷം വെള്ളപ്പൊക്കം ഉണ്ടായിക്കൊണ്ടിരുന്ന തിനാൽ മുഖവാരം വീണ്ടും താഴുകയും വളവുകളുടെ പൊട്ട് പുന രാവിർഭവിക്കയും ചെയ്തു. ഇത് അപകടകരമായിരുന്നതിനാൽ സ്ഥ ലത്തെ ആശ്രമവൈദികർ ഭയവിഹ്വലരായി. ഇതറിഞ്ഞ പെ. പെ. ബ. കാർമ്മോസ്സലവിഞ്ഞുമെത്രാനച്ചൻ, കേടുകൾ നീക്കാ തെ പള്ളിയിൽ ദിവ്യകർമ്മങ്ങൾ അനുഷ്ഠിച്ചുകൂടാ എന്ന് കല്പന നൽകി. തന്നിമിത്തം പല മാസത്തേയ്ക്ക് പള്ളിയിൽ കർമ്മങ്ങൾ നടക്കാതെ വന്നു. ഒരു ശില്പവിദഗ്ധനായ കുരിശുങ്കൽ ബ. ബർണ്ണദിനോസച്ചനെ വരുത്തി, അദ്ദേഹത്തിന്റെ നിർദ്ദേശമ നുസരിച്ച് മുഖവാരത്തിലെ തൂണുകൾ എല്ലാം മാറ്റി മേൽക്കൂടിനു സമമാക്കുകയും പൊട്ടുകൾ ശരിയാക്കുകയും ചെയ്തു. ഒരു എൻ ജിനീയർ, പള്ളിഉപയോഗത്തിനു കൊള്ളാമെന്നു സാക്ഷ്യം വ ഹിക്കുകയാൽ മെത്രാനച്ചൻ മുടക്കു പിൻവലിച്ചു.

1897 ഫെബ്രുവരിയിൽ നടന്ന പൊതുസംഘത്തിൽ

വച്ച് ഇവിടത്തെ പ്രിയോരായിനിയമിതനായ ആണ്ടമാലിൽ പെ. ബ. പത്രോസ് തോമ്മാച്ചൻ തൽസ്ഥാനത്തുനിന്നും ഒഴിവുപ്രാപിക്കയാൽ കിളിയന്തറ പെ. ബ. വിനസന്തിയോസച്ചൻ തെരഞ്ഞെടുക്കപ്പെട്ടു. കളപ്പുരക്കാരുടെ പറമ്പ് 1078½ രൂപയ്ക്കു തീറായും (ഇതിൽ 250 രൂപാ ഉടമസ്ഥൻ പറമ്പിൽനിന്നും ഇറങ്ങുന്നതിനു കൊടുത്തതാണ്.) കൊവേന്തയ്ക്കു ചെലവിനു നെല്ലു കുറവായിരുന്നതിനാൽ 40 പറ നിലം പണയമായും എഴുതിച്ചു. ഈ ആണ്ടിൽതന്നെ വിത്തുവട്ടിക്കൽ കുരുവിള അവർകൾ കർബാനയുടെ സന്നിധിയിൽ വിളക്കുവെപ്പിനായി 250 രൂപയും മരണദിവസത്തിൽ പാട്ടുകുർബാനയും ഒപ്പീസും കഴിക്കുന്നതിനായി 60 രൂപായും ടിയാന്റെ മരണശാസനപ്രകാരംഏല്പിച്ചു. പ്രതിവർഷം വി. യൌസേപ്പിന്റെ തിരുനാളാഘോഷത്തിനും അല്ഫോൻസാ ഏഴുപ്പാട്ടു ചെയ്യുക.

1898–ൽ പുളിങ്കുന്നുപള്ളിവികാരി ബ. ഉലക്കപ്പാടി അച്ചന്റെ ഉത്സാഹത്താൽ ഇടവകപ്പള്ളിയുടെ നെൽപുരയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. എന്നാൽ ഈ ഇംഗ്ലീഷ് സ്കൂൾ കൊവേന്തയിൽ നിന്നും നടത്തുന്നതു ക്രൂതൽ ഉപകാരപ്രദമായിരിക്കുമെന്ന് പലരും അഭിപ്രായപ്പെട്ടതിനാലും, അന്ന് ഈ കൊവേന്തയിൽ വയോവൃദ്ധനായി ജീവിച്ചിരുന്ന കളത്തിൽ ബ. സ്കറിയാ അപ്രേമച്ചന്റെ പ്രത്യേക താല്പര്യത്താലും അതു കൊവേന്തയിൽനിന്നും ഭരമേല്പിക്കയും, ഇവിടെ ഉപയോഗിക്കാതെ കിടന്നിരുന്ന ബംഗ്ലാവിൽ 1898 മിനം 19–ാംനു- വി. യൌസേപ്പുപുണ്യവാന്റെ മരണത്തിരുനാളിൽ ആ മഹാപുണ്യവാന്റെ മദ്ധ്യസ്ഥതയിൽതന്നെ ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുകയുംചെയ്തു. ബ. കൊച്ചപ്രേമച്ചൻ ഇതിന്റെ പ്രഥമ മാനേജരും വാദ്ധ്യാരുമായിരുന്നു. ഈ നിലയിൽ അല്ഫോൻസാ വളരെ ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്. പ്രാദേശികവും പാരദേശികവുമായ ദാനങ്ങൾ അല്ഫോൻസായുടെ ഈ യവസരത്തിൽ വളരെ സഹായിച്ചു. ക്രമേണ കെട്ടിടം മതിയാകാതെവരികയാൽ കിഴക്കോട്ട് ഷെഡ്ഡ് കെട്ടേണ്ടതായിവന്നു. അല്ഫോൻസാ രണ്ടു കെട്ടുവള്ളങ്ങൾ ഉണ്ടാക്കിച്ച് അവയുടെ ആദായംകൊണ്ടും ചിലവുകൾ വഹിച്ചുപോന്നു.

1898 തുലാമാസത്തിൽ ഈ കൊവേന്തയിൽ ശമ്മാശായിപാത്തിരുന്ന പുതിയാപറമ്പിൽ ബ. പ്രാൻസിസ്കോസച്ചൻ ഇവിടെത്തന്നെ നവപൂജ അർപ്പിച്ചു. ഇക്കൊല്ലംതന്നെ കരുക്കാവുകാരുടെവക കണ്ണങ്കളംപാടത്തു 40 പറ നിലംവാങ്ങി.

1899 ഡിസംബർമാസത്തിലെ പൊതുസംഘത്തിൽവച്ച് കരിക്കമ്പള്ളി പെ. ബ. ഗ്രിഗോറിയോസച്ചനെ ഇവിടത്തെ പ്രിയോരായി തെരഞ്ഞെടുത്തു.

19—ാം ശതകത്തിന്റെ അവസാനവും 20—ാം ശതകത്തിന്റെ ആരംഭവും പരിശുദ്ധ പിതാവിന്റെ കല്പനപ്രകാരം ഇവിടെയും ആഘോഷിച്ചു. തത്സംബന്ധമായി ഇവിടെയും പാതിരാക്കുർബാനയും പരസ്യമായ ദിവ്യകാരുണ്യസ്വീകരണവും, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചുകൊണ്ടുള്ള "ലാക്ക് അലാഹാ" എന്ന സ്തോത്രഗാനാലാപവും നടത്തി. ഇങ്ങനെ ജൂബിലിവർഷവും ആരംഭിച്ചു.

സ്ഥലം ഇംഗ്ലീഷ് അദ്ധ്യാപകന്മാരിൽ ചിലർ സന്ന്യാസവൈദികർ തന്നെയായിരുന്നു. ഇക്കൊല്ലം ജൂൺ മാസത്തിൽ ബ. ചാണ്ടപ്പിള്ളയച്ചൻ ഇവിടെവന്ന അവസരത്തിൽ കൊവേന്തപുരയിടത്തിലൂടെ കിടന്നിരുന്ന തോടിന്റെ മുട്ടത്തുറക്കുന്ന കായ്ത്തെപ്പറ്റി ജനങ്ങൾ അദ്ദേഹത്തോട് പറയുകയുണ്ടായി. അങ്ങിനെ ചെയ്യുന്നപക്ഷം അതിലൂടെയുള്ള യാത്രാബാഹുല്യം സന്ന്യാസാശ്രമത്തിന്റെ മൌനാദികൾക്കു വിഘാതമായിത്തീരാനിടയുള്ളതുകൊണ്ട്, പടിഞ്ഞാറ് കളപ്പുരയ്ക്കൽപ്പറമ്പിന്റെ കിഴക്കുവശത്തായി ഒരു തോട് തുറന്നുകൊടുക്കാമെന്നു പറഞ്ഞതനുസരിച്ച് മുൻതോടിന്റെ മുട്ട് അഭംഗം സംരക്ഷിക്കപ്പെട്ടു. ഇടവമാസത്തിൽ പുതിയതോട് തുറക്കുകയും ചെയ്തു.

പ്രസ്തുത വർഷം ധനുമാസത്തിൽ പെ. ബ. ദലഗാത്തു തയ്യിൽ യൌസേപ്പച്ചൻവന്ന് ആശ്രമസന്ദർശനം നടത്തി മടങ്ങി. 31—ാംനു- പാതിരാക്കുർബാനക്ക് വി. കുർബാന പരസ്യമായി സ്ഥാപിച്ചുകൊണ്ട് പാട്ടുകുർബാനയും, "ലാക്കലാഹാ"യും പരിഹാരജപവും നടത്തി.

1901-ൽ എ.പെ.പെ.ബ. മാക്കിൽ മെത്രാനച്ചന്റെ കല്പനപ്രകാരം സ്ഥലം പ്രിയോരച്ചൻ പ്രൊസിസ്സ്യൂസ് മൂന്നാംസഭക്കാർക്കായുള്ള പൂന്തോപ്പുപള്ളിക്ക് അടിസ്ഥാനമിട്ടു. ഈയാണ്ടു കുംഭമാസത്തിൽ പുളിങ്കുന്നുപള്ളി ഇടവക പണിക്കരേടത്തു ഇട്ടിയവിരാ എന്നയാൾ ഈശ്വരഭജനത്തിൽത്തന്നെ ആയുശ്ശേഷം കഴിക്കണമെന്നുള്ള ഉദ്ദേശത്തോടെ, പെ. ബ. ദലഗാത്തു യൌസേപ്പച്ചന്റെ അനുമതിയോടുകൂടി ആശ്രമവളപ്പിൽ താമസംതുടങ്ങി. ഇയാൾ 200 രൂപാ സ്വന്തം ചെലവു വകയ്ക്കു കൊവേന്ത

യിൽ ഏല്പിച്ചു; 1912-ൽ ഉയിരവരുടെ ദാസന്മാവശ്യമായ തിരുവസ്ത്രങ്ങൾക്കു വേണ്ടി 400 രൂപാ ദാനവും ചെയ്തു. ആശ്രമത്തിലെ ഒരു കാര്യസ്ഥന്റെ നിലയിൽ വർത്തിച്ചിരുന്ന ഇയാൾ ഇപ്പോൾ, വാർദ്ധക്യത്തിൽ, ലോകവിചാരങ്ങളിൽനിന്നു നിശ്ശ്രേഷം വിമുക്തനായി മരണത്തെപ്പാർത്തു വസിക്കുന്നു. സ്ഥലത്തെ തപാലാപ്പീസ് മേടം 1-ാംനു- മുതൽ ഇവിടുത്തെ സ്കൂൾകെട്ടിടത്തിൽവച്ചു നടത്തിത്തുടങ്ങി.

കർക്കടകമാസം 13-ാംതിയതി കൊല്ലംരൂപതയുടെ സഹായമെത്രാൻ ബെൻസിഗർ മെത്രാനച്ചൻ മലയാളം പഠിപ്പാനായി ഇവിടെ വന്നു മൂന്നു മാസത്തോളം താമസിച്ച ശേഷം തിരിച്ചുപോയി. പോയഅവസരത്തിൽ അദ്ദേഹം നൂറു രൂപാ കൊവേന്തയ്ക്കു ദാനംചെയ്തുയുണ്ടായി. ആശ്രമത്തിൽ താമസിച്ചിരുന്ന അവസരത്തിൽ പെ.ബ. ദലഗാത്തു യൌസേപ്പച്ചൻ അദ്ദേഹത്തെ വന്നുകാണുകയുണ്ടായി.

ആദ്യവെള്ളിയാഴ്ചതോറും പാട്ടുകുർബാന നിർവ്വിഘ്നം നടക്കുന്നതിനുവേണ്ടി പലരുടെയും ദാനമായി കിട്ടിയ പണംകൊണ്ടു 5ൽ പറനിലം കാപ്പിൽ കുഞ്ഞിനോട വാങ്ങി. ഫ്രാൻസിൽനിന്നും പുതിയ മൂന്നു മണികൾ വരുത്തുകയും ഇവിടെയുണ്ടായിരുന്ന ഒരു പഴയ മണി വിൽക്കുകയുംചെയ്തു.

1902 മകരത്തിൽ നടന്ന പൊതുശ്രേഷ്ഠസംഘം മുത്തോലിലെ നമ്മുടെ ആശ്രമത്തെ ഒരു പ്രിയോരാത്തു ആശ്രമമായി ഉയർത്തുകയും അവിടുത്തെ ആദ്യപ്രിയോരായി ഈ ആശ്രമപ്രിയോരായ പെ. ബ. ഗ്രിഗോറിയോസച്ചനെ നിയമിക്കയും ചെയ്തുകയാൽ മുത്തോലിലെ വികാരിയായിരുന്ന ശ്രാകത്തു പെ. ബ. മറി. ഈരാനിമ്മോസച്ചൻ ഇവിടത്തെ പ്രിയോരായി മാറ്റപ്പെട്ടു. എന്നാൽ ബ. ഈരാനിമ്മോസച്ചന്റെ സുഖക്കേടുമൂലം ആറാവേലി ബ. മറി. ജസിന്തച്ചൻ പ്രോ വികാരിയായി ഭരണം നടത്തി.

1902 ഡിസംബറിലെ പൊതുസംഘത്തിൽവച്ചു പെ. ബ. യോഹന്നാനച്ചനെ ഇവിടുത്തെ പ്രിയോരായിനിയമിച്ചു. വടക്കുനിന്നും പണിക്കാരെ വരുത്തി 200 രൂപാ വിലയുള്ള ഒരു പുസ്തകഅൽമാരി അദ്ദേഹം പണിയിക്കുകയും പെ. ബ. ഗ്രിഗോറിയോസച്ചൻ വാങ്ങിയ അറയുടെ കേടുകൾ നീക്കി ശരിപ്പെടുത്തുകയും ചെയ്തു. കൊവേന്തക്കെട്ടിടത്തിന്റെ താഴത്തെ നിലയിലുണ്ടായി

രുന്ന മുറികളും ജനാലകളും പരിഷ്കരിക്കുകയും ആലപ്പുഴെനിന്നും ഒരു വള്ളം 253 രൂപാസ്സു വാങ്ങി അതിനു രണ്ടു ക്രൂടാരങ്ങൾ പണിയിക്കുകയുംചെയ്തു. തേങ്ങാക്രൂടിന്റെ സ്ഥാനം മാറ്റി. പുതിയതിന്റെ തെക്കുവശത്തായി ഒരു പശുത്തൊഴുത്തും പണിയിച്ചു.

ബ. കളത്തിലച്ചന്റെ ഗ്രൂപ്പട്ടസ്ഥർസ്ഥാപിലിയാഘോഷം അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പുത്രരും ശിഷ്യരുമായ ബ. കുകക്കളത്തിലച്ചൻ, ബ. ഉലക്കപ്പാടിലച്ചൻ ആദിയായവരുടെ ഉത്സാഹത്താൽ അതികേമമായി കൊണ്ടാടി. അദ്ദേഹത്തിന്റെ ആത്മാനുക്രൂലാർത്ഥം ആണ്ടുതോറും രണ്ടു കുർബാനയും ഒരു ഒപ്പീസും അർപ്പിക്കുന്നതിനായി 130 രൂപാ കൊവേന്തയിൽ ഏല്പിച്ചു.

ഈ കൊല്ലത്തിൽ ബ. മത്തപ്രേമച്ചൻ വിശേഷമായ ഒരു രൂപക്രൂട്ട പുതിയതായി പണിയിക്കുകയും അതു പഴയതിനു പകരം ഉപയോഗപ്പെടുത്തിത്തുടങ്ങുകയും ചെയ്തു. ഇപ്പോൾ സങ്കീർത്തിയിൽ കിടക്കുന്ന വലിയ മേശകളും ഈയിടയ്ക്കു നിർമ്മിച്ചതാണ്. പ്രാർത്ഥനമുറിയുടെ മതിലുകൾപൊക്കി, ക്രൂട്ടമാറ്റി ഓടിടുകയും ചെയ്തു. ബ. അപ്രേമച്ചന്റെ ഉത്സാഹത്താൽ ജനങ്ങളിൽ നിന്നും ദാനമായി വാങ്ങിയ പണംകൊണ്ട് അമലോത്ഭവമാതാവിന്റെ ഒരു കപ്പേള പണിയിച്ച് വിശേഷവിധമായി അലങ്കരിക്കുകയും, അമലോത്ഭവമാതാവിന്റെ ഒരു രൂപം വാങ്ങി അവിടെ സ്ഥാപിക്കുയും ചെയ്തു. അന്നുമുതൽ അമലോത്ഭവതിരുനാൾ ആഘോഷമായി കൊണ്ടാടുവാൻ തുടങ്ങി.

1904-ൽ കുർബാനയുടെ തിരുനാളും പ്രദക്ഷിണവും ഭംഗിയായി നടത്തുന്നതിന് ബ. മത്തപ്രേമച്ചന്റെ ഉത്സാഹത്താൽ പലരിൽനിന്നുംലഭിച്ച 52 രൂപാ ഈ കപ്പേളയ്ക്കുവേണ്ട സാമാനങ്ങൾ വാങ്ങുന്നതിനുപയോഗിച്ചു. ഇക്കൊല്ലം മുതൽ ഇദ്ദേഹത്തിന്റെ ശ്രമത്താൽ വി. കുർബാനയുടെ തിരുനാൾ കഴിഞ്ഞുള്ള എട്ടുദിവസത്തെ നമസ്കാരവും വാഴ്വും ആരംഭിച്ചു. ബ. മത്തപ്രേമച്ചന്റെയും ബ. ഏസുപ്പാനോസച്ചന്റെയും പ്രത്യേക താല്പര്യത്താൽ ഈ അവധിയിൽ അകത്തൂട്ട് 38 പറ നിലവും ചിറയും വാങ്ങി. പുത്തനായി കിഴക്കുപടിഞ്ഞാറ് ഒരു കെട്ടിടത്തിനുള്ള അടിത്തറയിട്ട് പണി മിക്കവാറും പൂർത്തിയാക്കി.

നാലാം അദ്ധ്യായം.

1907 മുതൽ 1923 ധനു വരെ.

1905 ധനുവിൽ നടന്ന പൊതുസംഘത്തിൽവച്ച് പാലാക്കുന്നേൽ പെ. ബ. ചാക്കോച്ചനെ ഇവിടുത്തെ പ്രിയോരായി തെരഞ്ഞെടുത്തു. 1907-ൽ അക്കരചിറയിൽ 350 രൂപായോളം ചിലവിട്ട് ഒരു പീടിക പണിയിച്ചു.

സഭയുടെ പ്രഥമാംഗങ്ങളായ 11 പേരിൽ ഒരാളായ ബ. കളത്തിലച്ചൻ 1908-ൽ രോഗശയ്യയെ അവലംബിക്കേണ്ടി വന്നു. എ. പെ. പെ. ബ മാക്കീൽ മെത്രാനച്ചനും പെ. ബ. ജനറാളച്ചനും രോഗിസന്ദർശനാർത്ഥം ഇവിടെയെത്തി. മെത്രാനച്ചൻ രോഗിക്ക് ദണ്ഡവിമോചനങ്ങൾ കൊടുക്കുകയും, അഭ്യർഥിച്ച് ചുംബിക്കുയും ചെയ്തശേഷം യാത്രയായി. ജൂൺ 28-ാംനു- അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു. റാസ, വലിയപള്ളിവരെയുണ്ടായിരുന്നനഗരികാണിക്കൽ, കൈമുത്തൽ, പ്രസംഗം മുതലായവയ്ക്കുശേഷം മൃതശരീരം കൊവേന്തയിൽ അടക്കം ചെയ്യപ്പെട്ടു. 1908 കർക്കടകം 27—ാംനു- പെ. ബ. ജനറാളച്ചൻ ഇവിടെ ഔദ്യോഗികസന്ദർശനം നടത്തി. ഈയാണ്ട് ധനുമാസത്തിലെ പൊതുസംഘത്തിൽവച്ച് പെ. ബ. യോഹന്നാനച്ചൻ ഇവിടുത്തെ പ്രിയോരായി നിയമിക്കപ്പെട്ടു. 1909 വൃശ്ചികമാസത്തിൽ പെ. ബ. ജനറാളച്ചൻ വീണ്ടും സന്ദർശനം നടത്തി.

ഡിസംബർ 14-ാംനു- മംഗലാപുരം കോളജു റെക്ടർ റവ. പെരിനി എസ്സ്. ജെ. അവർകളും ബ. സൽദാഞ്ഞാ പാദ്രിയും ഇവിടെ വന്നിരുന്നു.

1910 ഏപ്രിൽ മാസത്തിൽ സഭയിലെ ശമ്മാശ്ശന്മാരെ മംഗലാപുരത്തുവച്ചു പഠിപ്പിക്കുകയും, മറ്റു ഉപകാരങ്ങൾ പലതും ചെയ്തുയും ചെയ്തിട്ടുള്ള മംഗലാപുരത്തെ കൗദീനി മെത്രാനച്ചന്റെ മരണവൃത്താന്തം അറിയുകയാൽ ശേഷക്രിയകൾ ഇവിടെയും നടത്തി.

ഡോക്ടർ മിച്ചലിന്റെ നിയമമനുസരിച്ചു സ്കൂൾ നടത്തുവാൻ ആശ്രമത്തിനു വളരെ വിഷമമുണ്ടായി. സ്ഥലനിവാസികളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസകാര്യത്തിൽ പ്രതിപത്തിയുണ്ടായിരു

ന്നവരുമായി ഇതേപ്പറ്റി ആലോചിച്ചതിന്റെ ഫലമായി കൊ
ച്ചേന്ത തലയാൽനിന്ന് 7500 രൂപയുടെ ഒരു ലേലച്ചിട്ടി മുത
ലിക്കാമെന്ന് തീർച്ചയാക്കി. ഇതിന്ന് ചിട്ടിനിബന്ധനയുടെ
ഒരു "നക്കൽ" വാച്ചാപറമ്പിൽ മംഗലപ്പള്ളിൽ തൊമ്മൻ അ
വർകൾ ബ. ബൊനവെൻതുരാച്ചന്റെ ആവശ്യപ്രകാരം എഴു
തിക്കൊടുത്തു. ആശ്രമസംഘം അതിനെ സ്വീകരിക്കയും പെ.
ബ "ദഫിനിത്തോരി" അതിനെ ചില ഭേദഗതികളോടുകൂടി
അംഗീകരിക്കുകയും ചെയ്തു. നിരന്തരശ്രമത്തിന്റെ ഫലമായി
പ്രതിബന്ധങ്ങളെല്ലാം നീങ്ങി 1911 മേടം 11-ാംന- ചിട്ടി
ആരംഭിച്ചു. ഈയിടെ പെ. ബ. ജനറാളിന്റെ സന്ദർശനം
നടന്നു.

1911—ൽ പെ. ബ. ഫിലിപ്പോസച്ചൻ ഇവിടുത്തെ
പ്രിയോരായി നിയമിക്കപ്പെട്ടു. 1912 മകരം 3—ാംന- ബോർ
ഡിംഗ് കെട്ടിടത്തിന്ന കല്ലിടുന്നതിനായി എ. പെ. പെ. ബ.
കയ്യാളശ്ശേരി തോമ്മാ മെത്രാനച്ചൻ വന്നിരുന്നുവെങ്കിലും കെട്ടി
ത്തിന്റെ സ്ഥാനത്തെപ്പറ്റി ചില അഭിപ്രായവ്യത്യാസങ്ങളുണ്ടാ
കയാൽ കല്ലു വെഞ്ചരിച്ചശേഷം തിരിച്ചുപോയി. അടുത്ത ധനു
മാസത്തിൽ സ്ഥലം ഇടവകപ്പള്ളി സന്ദർശിച്ച അവസരത്തിൽ
ബോർഡിംഗിന്റെയും കൊവേന്ത പുത്തൻകെട്ടിടത്തിന്റെയും
പണികണ്ടിട്ടാണ് മെത്രാനച്ചൻ മടങ്ങിയത്. 1912 തുലാമാസ
ത്തിൽ പ്രിയോർജനറാളച്ചന്റെ വിസിത്ത നടന്നു. 1913 ചി
ങ്ങമാസത്തിൽ ഇടവകപ്പള്ളി വെഞ്ചരിപ്പിന്റെ അവസരത്തിൽ
മെത്രാനച്ചൻ ആശ്രമവും സന്ദർശിച്ചു. വൃശ്ചികം 21-ാംന-
അത്യുന്നത സലേസ്യൻ ദലഗാദപ്പസ്സോലിക്കാ സന്ദർശനാർത്ഥം ഇവി
ടെ എത്തുകയും 24-ാംന-വരെ താമസിക്കയും ചെയ്തു. ഇതിനിടയ്ക്കു
ബോർഡിങ്ങിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും അദ്ദേഹം നട
ത്തി. മെത്രാനച്ചനും ഇതിന്ന് സന്നിഹിതനായിരുന്നു.

വലനാൽ മാന്നാനം സ്ക്കൂൾ മാനേജരായിരുന്നിരുന്ന
സ്ഥലം പ്രിയോരച്ചന്റെ ഉത്സാഹത്താൽ ഇംഗ്ലിഷ് സ്കൂളിന്ന് അം
ഗീകരണവും മൂന്നാംഫാറം വരെ തുറക്കുന്നതിനുള്ള അനുമതിയും
ലഭിച്ചു. തന്നെയുമല്ല 89-ാമാണ്ടത്തെ ഗ്രാൻറായി 240 രൂപാ
വാങ്ങുകയും ചെയ്തു.

1914-ൽ ബോർഡിങ്ങു കുട്ടികളിൽ പലർക്കും പനിപി
ടികയും കാവാലം ഇടവക വാടപ്പുറമ്പിൽ യൌസേപ്പും മിത്ര

ക്കരി ഇടവക ചെമ്പുംതറ വക്കിയും മരിക്കയും ചെയ്തു. അതി നാൽ ബോർഡിങ്ങു കെട്ടിടത്തെപ്പറ്റി പല പരാതികളുമുണ്ടായി. എന്നാൽ അടുത്ത സ്കൂൾവർഷത്തിൽ 45 കുട്ടികൾ ബോർഡിങ്ങി ലുണ്ടായിരുന്നു. പലരും "വെമ്പോള"നാൽ ഉപദ്രവിക്കപ്പെട്ടെ ങ്കിലും ആരും മരിക്കയുണ്ടായില്ല.

1914—ൽ പെ. ബ. യൌസേപ്പച്ചൻ സ്ഥലം പ്രിയോ രായി നിയമിക്കപ്പെട്ടു. 1915—ൽ ഏറണാകുളം വികാരി അപ്പ സ്തോലിക്കയായ പഴയപറമ്പിൽ മാർ ളൂയിസ് മെത്രാനച്ചൻ സഹായമെത്രാൻ കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാനച്ച നോടുകൂടി ഇടവകപ്പള്ളിയിൽ വന്ന അവസരത്തിൽ ഇവിടവും സന്ദർശിക്കയുണ്ടായി

1915-തുലാം ഏഴാം തീയതി സ്ഥലം ഇംഗ്ലിഷ് സ്കൂളി ലെ ഒരു പൂർവ്വവിദ്യാർത്ഥിയായിരുന്ന കാളാശ്ശേരിൽ ബ. ജയിംസ് ശമ്മാശൻ റോമിലേയ്ക്കു പാനത്തിനു പോയ അവസരത്തിൽ ഇവി ടത്തെ ബ. അച്ചന്മാരെ സന്ദർശിക്കുന്നതിനു വരികയുണ്ടായി. തുലാം 20-ാംനു- തൃശ്ശൂർ വികാരി അപ്പസ്തോലിക്കാ മാർ യോഹന്നാൻ മെത്രാനച്ചൻ ഇവിടെ എത്തിത്താമസിക്കയും ഇടവകപ്പള്ളി, കമ്മലീത്താമഠം, ആദിയായ സ്ഥാപനങ്ങൾ സന്ദർശിക്കയും ചെയ്തു. ക്ലാരമഠാംഗങ്ങൾ അദ്ദേഹത്തെ കൊവേ ന്തയിൽ വന്നു സന്ദർശിച്ചു. ഇംഗ്ലിഷ് സ്കൂളിൽവച്ചു മംഗളശ്ലോക ങ്ങൾ സമ്പ്രദായംമറവും ചെയ്യുകയുണ്ടായി. വൃശ്ചികം 2-ാംനു- പരിശുദ്ധ പിതാവിന്റെ ആജ്ഞയനുസരിച്ചു ഇവിടെയും വൈ ദികർ മൂന്നു കുർബാന ചൊല്ലി. ധനു എട്ടാം തീയതി സഭ സ്ഥാ പനത്തിന്റെ ഷഷ്ട്യബ്ദപൂർത്തിദിനമായിരുന്നു. അന്നു പെ. ബ. ജനറാളച്ചന്റെ നിയോഗാർത്ഥം ആഘോഷമായ സുപ്രസ്സുകർ ബാന അർപ്പിക്കയും "ലാക് ആലാഹാ" എന്ന സ്തോത്രഗീതം പാട്ട കയുംചെയ്തു.

1916- മകരം 20-ാംനു- പഴയപറമ്പിൽ മെത്രാന ച്ചന്റെ മാതാപിതാക്കന്മാരുടെ കബറിടത്തിൽ മാർബിൾ സ്ഥാ പനാർത്ഥം സ്ഥലത്തെത്തിയ ചങ്ങനാശേരി മെത്രാനച്ചൻ സ്കൂളും ആശ്രമവും സന്ദർശിച്ചു. അനന്തരം പഴയപറമ്പിൽ മെത്രാന ച്ചനെ വലിയപള്ളിയിൽനിന്നും വിദ്യാർത്ഥികൾ എതിരേറ്റു ഇവിടെക്കൊണ്ടുവരികയുണ്ടായി. ഇരുവരും സ്കൂൾകുട്ടികളാൽ ഹൃ ദയംഗമമായി സ്വാഗതം ചെയ്യപ്പെട്ടു. ഉചിതമായി മറുപടി

പ്രസംഗങ്ങൾ അവർ ചെയ്യുകയും ചെയ്തു. മേടം 15-ാംനു- ഗോത്തികർദ്ദിനാളിന്റെ ശേഷക്രിയകൾ നടത്തി. തുലാം 14-ാംനു- റോമ്മിലെ പുതിയനിശ്ചയപ്രകാരമുള്ള വെള്ളക്കുപ്പ ധരിക്കുവാൻ തുടങ്ങി. രോഗികൾപോലും ഈ വസ്ത്രം ധരിച്ചു വിശുദ്ധ ത്രേസ്യായുടെ തിരുനാളിന്റെ തലേദിനമായ അന്നത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

അടുത്തതന്നെ മെത്രാനച്ചൻ ഇടവകപ്പള്ളിയെ ഔദ്യോഗികമായി സന്ദർശിച്ചപ്പോൾ ഇവിടെയും ആഘോഷസഹിതം സ്വീകരിക്കപ്പെട്ടു. സന്യാസസഭകളെക്കൊണ്ടു സത്യസഭാമാതാവിനു സംസിദ്ധമായിട്ടുള്ള നിരവധി ഉപകാരങ്ങളേപ്പറ്റിയും, സ്ഥലത്തെ ആശ്രമംകൊണ്ടു പൊതുജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി ഗുണങ്ങളെപ്പറ്റിയും അദ്ദേഹം പള്ളിയിൽവെച്ചു ഒരു പ്രസംഗം നടത്തി. അന്നു പെ. ബ. ജനറാളച്ചനും ദഫനിത്തോരച്ചനമാരും ഇവിടെയുണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യത്തിൽവച്ചു നടന്ന സമ്മേളനത്തിൽ മെത്രാനച്ചനു ഒരു മംഗളപത്രം സമർപ്പിച്ചു. സഭാവാസികളോടുള്ള കൃതജ്ഞതയെ അദ്ദേഹം പ്രകടിപ്പിച്ചശേഷം ആശ്രമവാസികളുടെ സല്ക്കാരം സ്വീകരിച്ചു മടങ്ങി.

ഇക്കാലത്തു പറമ്പിൽ ചില പരിഷ്കാരങ്ങൾ ചെയ്തു ആറാറരികിൽ ഒരുനിരത്തെ വയ്ക്കുകയുണ്ടായി.

1917 കർക്കടകത്തിൽ അയൽപ്രദേശവാസികളായ ചില ഔദാര്യബുദ്ധികളുടെ ദാനഫലമായി ലഭിച്ച സഹായംകൊണ്ടു ബ. യോഹന്നാനച്ചന്റെ കാലത്തു പണിയാരംഭിച്ച കെട്ടിടംപണി പൂർത്തിയാക്കി താമസം തുടങ്ങി.

മംഗലപുരത്തെ പോൾ പെരീനി മെത്രാനച്ചന്റെ കന്നിമാസത്തിലെ ആശ്രമസന്ദർശനവും സ്മരണീയമാണ്.

ധനുമാസത്തിലെ പൊതുസംഘത്തിൽ പെ. ബ. ഗ്രിഗോറിയോസച്ചൻ പ്രിയോർസ്ഥാനത്തു നിയമിതനായി. 1918 മകരം 4-ാംനു- പഴയപറമ്പിൽ മാർ ളൂയിസ് മെത്രാനച്ചൻ വീണ്ടും ഇവിടെ വന്നിരുന്നു. മിഥുനം 29-ാംനു- ആശ്രമം ഈശോയുടെ ദിവ്യഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടു. വൃശ്ചികമാസത്തിൽ, ബ. ബൊനവെന്തുരാച്ചൻ കയറിയിറങ്ങുന്നതിനു ബുദ്ധിമുട്ടുണ്ടായിരുന്ന ഇവിടുത്തെ കോവണി ശരിയാക്കി പണിയിച്ചു.

തെക്കെത്തലയ്ക്കൽ പുരയിടത്തിന്റെ തെക്കേ അറ്റത്തു

ആറരികിൽ സ്ഥാപിച്ചിരുന്ന വിളക്കുമരം അവിടെനിന്നും മാറ്റി ഈഴപ്പാടി ചിറയിൽ സ്ഥാപിക്കയുണ്ടായി. പുതിയ സ്ഥലം ഗവ മെന്റിലേക്ക വേണമെന്ന നിശ്ചയിച്ചു. എന്നാൽ തക്കവില കൊവേന്തയ്ക്ക ലഭിക്കയുണ്ടായില്ല. വ്യവഹാരത്തിന്റെ ഫലമായി 625 രൂപാ ഈ സ്ഥലത്തിന്ന വിലയായി ഗവമെന്റ് ആശ്രമ ത്തിന്ന നൽകുകയുണ്ടായി.

1917-ൽ നഷ്ടപ്പെട്ടുപോയ തപാലാഫീസ് തിരിച്ചു ലഭിക്കുന്നതിന്ന വേണ്ട ശ്രമങ്ങൾ ചെയ്തതിന്റെ ഫലമായി 1920-ൽ പോസ്റ്റ്മാസ്റ്റർ ജനറൽ മി. റായൻ സ്ഥലത്തുവന്ന് പരിശോധന നടത്തി. കൊവേന്തയിൽനിന്ന ആലോചിച്ച് കല്ലുപുരയ്ക്കൽ പറമ്പിൽനിന്നും ആഫീസിനാവശ്യമായ സ്ഥലം ഒരു രൂപാ വാടകയ്ക്ക വാങ്ങി, പള്ളിമുറ്റത്തുണ്ടായിരുന്ന കെട്ടിടം പൊളിച്ച് അവിടെ സ്ഥാപിച്ചു. ഈ അവസരത്തിൽ തപാലാ ഫീസ് ഏറ്റുപ്പാട്ട നിമിത്തം ആശ്രമത്തിനുണ്ടായിട്ടുള്ള ഭീമമായ നഷ്ടത്തെക്കുറിച്ച് അല്പം പ്രസ്താവിക്കുന്നത് അനുചിതമായിരിക്ക യില്ലെന്ന വിശ്വസിക്കുന്നു. ബ. ഗ്രിഗോറിയോസച്ചന്റെ ശ്രമ ഫലമായി തപാലാഫീസു, ബ. പീലിപ്പോസച്ചൻ പണിയിച്ച, ബംഗ്ലാവിൽ ആരംഭിച്ചു. കുറെനാൾ കഴിഞ്ഞ് കളപ്പുരപ്പുറമ്പിൽ പണിത ഒരു ചെറിയ കെട്ടിടത്തിലേയ്ക്ക മാറ്റി. ഇതിനുശേഷം പള്ളിമുറ്റത്തു പടിഞ്ഞാറുവശം ഉണ്ടാക്കിയ ബംഗ്ലാവിലേയ്ക്ക മാറ്റി സ്ഥാപിച്ചു. പിന്നിടാണ് കല്ലുപുരയ്ക്കൽ പുരയിടത്തിലാ ക്കിയത്. അതും താമസിയാതെ പൊളിച്ചുമാറ്റുകയാണുണ്ടായത്. ഏകദേശം 1000 രൂപാ ഇതിനുവേണ്ടി കൊവേന്തയിൽനിന്ന് ചെലവാക്കിയിട്ടുണ്ട്.

1920 മീനം 20-ാംതിയതി ഈ ആശ്രമദേവാലയത്തി ലും ജപമാപ്രോസ്സൊലസഖ്യം സ്ഥാപിതമായി. വി. യൌസേപ്പു പിതാവിന്റെ അൾത്താര പുത്തൻകെട്ടിടം പണിയുന്നതിന്ന തുട ങ്ങിയപ്പോൾ പൊളിക്കയും വീണ്ടും കെട്ടിടംപണിയോട്ടുകൂടിത്ത ന്നെ വേറെ പണിതു. ടി. ധനു 25-ാംനു- കുർബാന ചൊല്ലി ത്തുടങ്ങുകയും ചെയ്തു. ഈ ധനുവിൽ വുളിക്കൽ പെ. ബ. അ ഞ്ചേസ് അച്ചൻ ഇവിടത്തെ പ്രിയോരായിവന്നു. ആ ആണ്ടു വൃശ്ചികത്തിൽ പണിയാതെ നിറുത്തിയ മണിമുറി പെ. ബ. അ ഞ്ചേസച്ചൻ 25 കോൽ നീളവും 8 കോൽ വീതിയുമുള്ള ഒരു കെട്ടിടമാക്കിത്തീർത്തു. മൂന്നു മുറികളുള്ള ഒരു സ്കൂൾ കെട്ടിടവും

ഈ ഇടയ്ക്കു പണിയിച്ചു. 1922—ൽ പെ. ബ. ആഞ്ചെലൂസച്ചൻ ഏൽപ്പിച്ചുപോന്ന കൊവേന്തയുടെയും, അവിടത്തെ പ്രിയോർ പെ. ബ. ഗ്രിഗോറിയോസച്ചൻ സ്ഥലം ആശ്രമത്തിന്റെയും ശ്രേഷ്ഠന്മാരായി പൊതുശ്രേഷ്ഠസംഘത്താൽ നിയമിക്കപ്പെട്ടു. 1922–ൽ അത്യുന്നത ഭദ്രഗാദപ്പസ്സോലിക്കാ ആശ്രമം സന്ദർശിക്കയും ചമ്പക്കുളം ആശ്രമത്തിനുള്ള സ്ഥലം കാണുവാൻ പോകയുംചെയ്തു.

അഞ്ചാം അദ്ധ്യായം.

1923- മുതൽ . . . . .

1923–ൽ നടുവിലേപ്പറമ്പിൽ പെ. ബ. സ്തൂറിയാച്ചൻ ഇവിടത്തെ പ്രിയോരായി. 1923-ൽ ഈ ദേവാലയത്തിൽ വ്യാകുലതാമ്പാഥ സ്ഥാപിച്ചു. 1923 ഇടവം 18-ാംനു- നമ്മുടെ സ്കൂളിന്റെ രജതജൂബിലി വളരെ ആഘോഷമായി നടത്തി. വൈദികരും പൌരന്മാരും പൂർവ്വവിദ്യാർത്ഥികളും ധാരാളമായി വന്നുചേർന്നു. ശ്രീമാൻ ഐ. സി. ചാക്കോ അവർകൾ ബി. എ. ബി. എസ്. സി. ആയിരുന്ന അഗ്രാസനാധിപത്യം വഹിച്ചതു്. അന്നു രാത്രി "ഹെർമിജിൽഡ്" എന്ന നാടകം വളരെ തന്മയത്വത്തോടെ അഭിനയിക്കപ്പെട്ടു. കുഴുപ്പള്ളശ്ശേരിൽ മെത്രാനച്ചന്റെ തിരുപ്പട്ട രജതജൂബിലിദിനമായ ഇടവം 28-ാംതീയതി പാട്ടുകുർബ്ബാന, വാഴ്വ്, സ്തോത്രഗാനാലാപം മുതലായവ നടത്തുകയും അത്തേഹത്തിനു ഒരു മംഗളസന്ദേശമയയ്ക്കുകയും ചെയ്തു.

ന. ക. തിരുഹൃദയത്തിരുനാൾ ആണ്ടുതോറും ഘോഷിക്കുന്നതിന്നു് പെ. ബ. പ്രിയോരച്ചൻ ഒരു കമ്മട്ടിയെ ഏർപ്പെടുത്തി. കൊവേന്തയുടെ വേലക്കാരും പറമ്പിൽ താമസിക്കുന്നവരുമായിരുന്ന ഈ കമ്മറ്റി അംഗങ്ങൾ. പ്രതിവർഷം കുറിയിട്ടു് ഒരാളെ പ്രസിഡന്തിയായി തെരഞ്ഞെടുക്കുകയും എല്ലാവരുംകൂടി പണംപിരിച്ചെടുത്തു് തിരുനാൾ നടത്തുകയുമത്രെ ചെയ്തിരുന്നതു്. പുതുതായി ഇനി ആളുകൾ ചേരുന്നതിനു വിരോധമില്ലെന്നു് നിബന്ധനയിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ഈ ഏർപ്പാടു് ഇന്നും നിലനിന്നുപോരുന്നു.

ഈ കൊല്ലം കർക്കിടമാസാവിന്റെ തിരുനാൾ കഴിഞ്ഞാണ് ഭയങ്കരമായ വെള്ളപ്പൊക്കമുണ്ടായത്. ആശ്രമക്കെട്ടിടത്തിന്റെ താഴത്തെ നിലയിൽ മുഴുവൻ വെള്ളംകയറിയതിനാൽ വാചകാദികൾപോലും രണ്ടാം നിലയിൽത്തന്നെ ചെയ്യേണ്ടിവന്നു.

ഇതിനിടയ്ക്കു ബ. മഴുപ്രേമച്ചൻ ഒരാഴ്ചത്തെ സുഖക്കേടിനുശേഷം 27-ാംതീയതി ഭാഗ്യമരണം പ്രാപിച്ചു. വെള്ളപ്പൊക്കമായിരുന്നതിനാൽ മൃതശരീരം ചെത്തിപ്പുഴ ആശ്രമത്തിൽ കൊണ്ടുപോയി അത്യാഡംബരപൂർവ്വം പഴയപള്ളിയിൽ സംസ്കരിച്ചു.

കന്നി 1-ാംതീയതി നമ്മുടെ മഹാരാജാവു് ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ കിരീടധാരണവും സേതുലക്ഷ്മിഭായിത്തമ്പുരാട്ടിയുടെ സ്ഥാനാരോഹണവും പ്രമാണിച്ചു് മംഗളാശംസകമ്പികൾ അയയ്ക്കുകയും യഥാകാലം മറുപടി ലഭിക്കുകയും ചെയ്തു.

വൃശ്ചികം 14-ാംനു- അരിപ്രബല കണ്ടത്തിൽ മെത്രാപ്പോലീത്താച്ചന്റെ പാല്യധാരണകർമ്മത്തിൽ സംബന്ധിക്കുന്നതിനായി സ്ഥലം പ്രിയോരച്ചനും പോയിരുന്നു. അവിടെവച്ചു് ജനറാളച്ചന്റെ കല്പനപ്രകാരം സഭാശ്രേഷ്ഠന്മാരെല്ലാവരും കൂടി മെത്രാപ്പോലീത്താച്ചന് ഒരു മംഗളാശംസാപത്രം സമർപ്പിക്കുകയും, മനോഹരമായ ഒരു സിംഹാസനം സമ്മാനിക്കുകയും ചെയ്തു. ധനു 6-ാംതീയതി വിസിറ്റർ അപ്പസ്തോലിക്കായെ സന്ദർശിപ്പാൻ ശ്രേഷ്ഠന്മാർ മാന്നാനത്തു കൂടണമെന്നുള്ള ആജ്ഞാനുസാരം ഇവിടത്തെ പ്രിയോരച്ചനും അവിടെ എത്തുകയും അദ്ദേഹത്തെ കാണുകയും ചെയ്തു.

ഈ മാസത്തിൽ ചങ്ങനാശ്ശേരി "മാത്തമ്മാദാസസംഘക്കാർ" ഇവിടെവന്ന് ആശ്രമച്ചെലവിൽ ബോർഡിംഗിൽ താമസിച്ചു് ധ്യാനം നടത്തിപ്പോവുകയുണ്ടായി.

ചങ്ങനാശ്ശേരി മെത്രാനച്ചന്റെ ഗുരുപട്ടരജതജൂബിലി പ്രമാണിച്ചു് അദ്ദേഹത്തിനു മംഗളപത്രം സമർപ്പിക്കുന്നതിനും മറ്റുമായി തദ്രൂപതയിലുള്ള ആശ്രമങ്ങളിലെ ശ്രേഷ്ഠന്മാരും സൌകര്യമുള്ള വക്ഷം മറ്റു സന്ന്യാസവൈദികരും ചങ്ങനാശ്ശേരിയിൽ കൂടണമെന്നു് പെ. ബ. ജനറാൾ കല്പിച്ചതനുസരിച്ചു് ഇവിടത്തെ ആശ്രമാംഗങ്ങളും പോവുകയും അടുത്തദിവസം

നടന്ന പൊതുമംഗളപത്ര സമർപ്പണത്തിലും വി. കുർബാന യുടെ പ്രദക്ഷിണത്തിലും സംബന്ധിക്കുകയും ചെയ്തു.

1925 മെയ് 18-ാംനു- ആശ്രമപത്രിയുടെ സ്ഥലസന്ദർശനാർത്ഥം ഇവിടെ വന്ന ഡർബാർഹിസിഷ്യൻ മിസ്സസ് പുന്നൻ ലൂക്കോസ് ആശ്രമം സന്ദർശിച്ചുവെന്നതും പ്രസ്താവ്യമാണ്. ജൂൺ 2-ാംനു- മാർ തോമ്മാ മെത്രാനച്ചൻ റോമിൽവച്ചു മൃതിയടഞ്ഞ വിവരമറിഞ്ഞു ആഘോഷമായി ശേഷക്രിയകൾ നടത്തി. 15-ാംനു- പ്രായിക്കുളത്തിൽ ചാക്കോ അവർകളുടെ 40 പറ നിലം 800 രൂപായ്ക്കു വാങ്ങി.

ചമ്പക്കുളം ആശ്രമം തുടങ്ങിയ ദിവസമായ ധനു 27-ാംനു- വെ. ബ. ജനറാളച്ചനും ആലോചനക്കാരും അവിടേയ്ക്കു പോയ അവസരത്തിൽ സ്ഥലത്തെ ആശ്രമവും സന്ദർശിച്ചു. ഗാർഹസ്ത്യാശ്രമം മുറപ്രകാരം സ്ഥാപിതമായപ്പോൾ ബ. ബൊനവെൻതൂരാച്ചൻ അവിടുത്തെ ഒന്നാമത്തെ ശ്രേഷ്ഠനായി നിയമിക്കപ്പെട്ടു. ഇദ്ദേഹം 18 കൊല്ലം പുളിങ്കുന്നാശ്രമത്തിൽ താമസിച്ചു് ഇംഗ്ലീഷ് സ്കൂളിന്റെ മാനേജർ സ്ഥാനം അലങ്കരിച്ചിട്ടുള്ളതാണ്.

ഈദേശവാസികളായ ബഹുജനങ്ങളുടെ ദീർഘകാലത്തെ നിരന്തരമായ അപേക്ഷയുടെ ഫലമായി 1926 സെപ്തംബർ 16-ാംനു- പുളിങ്കുന്നിൽ ഒരു ആസ്പത്രി തുടങ്ങി. ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതു് ഡാക്ടർ രാമൻതമ്പിയായിരുന്നു. അമ്പലപ്പുഴ താലൂക്കിലെ മിക്ക ഉദ്യോഗസ്ഥന്മാരും പൌരപ്രധാനികളും ഇതിൽ സംബന്ധിച്ചിരുന്നു. കിഴക്കെത്തലയ്ക്കൽ പള്ളിയുടെ മുറിയിലായിരുന്നു ആശുപത്രി ആദ്യമായി ആരംഭിച്ചതു്. ഇതു തല്ക്കാലത്തേയ്ക്കു മാത്രമായിരുന്നു. സ്ഥിരമായിട്ടുള്ളതു് ഇപ്പോൾ കൊക്കാമുപ്പുതിന്റെ ചിറയിലുള്ളതാണ്. ആസ്പത്രിയിലെ ആവശ്യത്തിലേയ്ക്കായി കൊവേന്തയിൽ നിന്നും, ഒരു അൽമാരി, ഒരു മേശ, (വലിപ്പുള്ളതു്) ഒരു ബഞ്ചു്, രണ്ടു സ്റ്റൂൾ ഇത്രയും ദാനമായി കൊടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ എല്ലാവരും ആശ്രമത്തിൽവന്നു വിശ്രമിച്ചശേഷമാണ് മടങ്ങിയതു്.

തുലാം 26—ാംനു- വേദപ്രചാര മുതൽകൊണ്ടു ബ. കുസുമോസച്ചന്റെ ഉത്സാഹത്താൽ ഇവിടെ ഒരു നെയ്ത്തുശാല ആരംഭിച്ചു. പള്ളിമുറ്റത്തിനു വടിഞ്ഞാറുവശം തോട്ടുവരെയുള്ള മതിലും കിഴക്കുവശത്തുള്ള ഈടും കല്ലുകെട്ടി ശരിപ്പെടുത്തി.

ധനുമാസത്തിൽ പെ. ബ. പ്രിയോരച്ചൻ സംഘത്തിനു പോയിരുന്ന അവസരത്തിൽ ബ. ഗ്രിഗോറിയോസച്ചൻ കാല ധർമ്മം പ്രാപിച്ചു. അതിനാൽ പ്രിയോരച്ചനും അനന്തിരവൻ മുത്തോലി കൊവേന്തശ്രേഷ്ഠൻ പെ. ബ. എവുസേബിയൂസച്ച നും ശവസംസ്കാരകർമ്മത്തിൽ സംബന്ധിപ്പാൻ വന്നു പിന്നിട്ട് മാന്നാനത്തേയ്ക്കു മടങ്ങി. ഈ സംഘത്തിൽവച്ചു പെ. ബ. എ വുസേബിയൂസച്ചൻ പ്രിയോരായി നിയമിക്കപ്പെട്ടു.

1927 തുലാം 31-ാംനു- റവ. ഫാദർ ജയിംസ് കാളാ ശ്ശേരി ചങ്ങനാശേരി രൂപതയുടെ മെത്രാനായി തെരഞ്ഞെടു ക്കപ്പെട്ടതറിഞ്ഞു് അദ്ദേഹത്തിനു മംഗളം ആശംസിക്കുന്നതിനു് പെ. ബ. പ്രിയോരച്ചനും അച്ചന്മാരും പോയിരുന്നു.

വൃശ്ചികം 23-ാംതീയതി അദ്ദേഹം ആശ്രമം സന്ദർശി ക്കയുണ്ടായി. സ്കൂൾ വിദ്യാർത്ഥികളും, വൈദികരും അണിയായി നിന്നു് അദ്ദേഹത്തെ സ്വീകരിച്ചു. കൊവേന്തയിലെ ഉല്ലാസമു റിയിൽവച്ചു് സുറിയാനിയിൽ ഒരു മംഗളാശംസാപത്രം സമർപ്പി ച്ചു. ഇവിടത്തെ സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിയായ അദ്ദേഹ ത്തിന്റെ മെത്രാപ്പട്ടാഭിഷേകത്തിന്റെ പിറ്റെദിവസമായ ധനു 22-ാംനു- നമ്മുടെ സഭയിൽനിന്നും ഒരു മംഗളപത്രവും ഒരു ജ്ഞാനപൂക്കെട്ടും സമർപ്പിക്കയുണ്ടായി. ഇതിൽ സംബന്ധിക്കു ന്നതിനു് സ്ഥലം പ്രിയോരച്ചനും അച്ചന്മാരും പോയിരുന്നു.

ഏപ്രിൽ 14-ാംതീയതി ഇംഗ്ലിഷ് സ്കൂളിൽ 4-ാംഫാറം ആരംഭിക്കുന്നതു സംബന്ധിച്ചു്, പരിശോധനാർത്ഥം വിദ്യാഭ്യാസ ഡയറക്ടർ മി. കെ. വി. രങ്കസ്വാമി അയ്യങ്കാർ സ്കൂൾസന്ദർശി ച്ചു. അദ്ദേഹം ആശ്രമത്തിലും വന്നിട്ടാണ് മടങ്ങിയതു്. തുലാം 17-ാംതീയതി എ. പെ. പെ. ബ. മെത്രാനച്ചൻ ഇടവകപ്പള്ളി സന്ദർശനത്തിനു വന്നപ്പോൾ ആശ്രമത്തിലും സ്കൂളിലും ആഘോ ഷമായി സ്വീകരിക്കപ്പെട്ടു. സ്കൂൾ വിദ്യാർത്ഥികൾ ഒരു ആദ്ധ്യാ ത്മിക കുസുമമഞ്ജരി സമർപ്പിക്കയുംചെയ്തു.

1929 മെയി 8-ാംതീയതി അതിരമ്പുഴ നടന്ന രൂപത യിലെ പ്രഥമ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കുന്നതി നായി ആശ്രമശ്രേഷ്ഠനും മറ്റും പോയിരുന്നു. മാന്നാനത്തു് സഭ യുടെ പ്രഥമാംഗങ്ങളായ 11 പേരുടെ കബറിടങ്ങളിൽ മാർബിൾ സ്ഥാപിച്ച കർമ്മത്തിലും പെ. ബ. പ്രിയോരച്ചൻ സംബന്ധിച്ചു.

നവംബർ 28-ാംനു- ബ. കെറുബിനച്ചന്റെ സപ്ലീ

ജൂബിലി സാഘോഷം കൊണ്ടാടി. കൊച്ചേനയുടെ പറമ്പുകളിലെ താമസക്കാരും, ആശ്രമാശ്രിതരും ഇതിനുവേണ്ടി വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്.

ധന്യ 12-ൽ ക്രൂടിയ പൊതുശ്രേഷ്ഠസംഘത്തിൽവച്ച് റോമിലെ പ്രത്യേക കല്പന അനുസരിച്ച് കിട്ടിയ അധികാരപ്രകാരം ഇവിടത്തെ പ്രിയോരായി പെ. ബ. ളയിസച്ചൻ നിയമിതനായി. ഈമാസം 21-ാംനു- പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ ഗുരുപ്പട്ടസ്വർണ്ണജൂബിലി സംബന്ധിച്ചുണ്ടായ മെത്രാനച്ചന്റെ കല്പനപ്രകാരം പാട്ടുകുർബ്ബാന അർപ്പിക്കയും പരസ്യമായി വി. കുർബ്ബാന എഴുന്നള്ളിച്ചുവച്ചുകൊണ്ട് "ലാക് ആലാഹാ" എന്ന സ്തോത്രഗീതം പാടുകയും, വാഴ്വു നടത്തുകയും ചെയ്തു. പെ. ബ. ജനറാളച്ചന്റെ ആജ്ഞാനുസാരം സഭാവൈദികർ ഓരോരുത്തരും അഞ്ചു കുർബ്ബാനവീതം അർപ്പിക്കയും അതിന്റെ ധർമ്മംകൊണ്ട് ഉണ്ടാക്കിയ ഒരു സുവർണ്ണപേടകത്തിൽ ഒരു മംഗളപത്രം അടക്കംചെയ്ത് പ. പിതാവിനയയ്ക്കുകയും ചെയ്തു.

1930 മാർച്ച് 18-ാംതീയതി പുതിയ അസ്സൂത്രി ഉദ്ഘാടനം ചെയ്യുന്നതിനു വന്ന ഡാക്ടർ രാമൻതമ്പി ആശ്രമത്തിൽ വന്ന് മദ്ധ്യാഹ്നഭക്ഷണം, ലഘുഭക്ഷണം ഇവ കഴിഞ്ഞു മടങ്ങി. നവംബർ 18-ാംതീയതിയായിരുന്ന ബ. പീലിപ്പോസച്ചന്റെ ഗുരുപ്പട്ടസ്വർണ്ണജൂബിലിയാഘോഷം നടത്തിയതു്. സുപസ്സകുർബ്ബാനയും "ലാക് ആലാഹാ" ഗാനവും നടത്തി. അന്നു് സന്നിഹിതരായവരുടെ ഗ്രൂപ്പ് ഫോട്ടോകളും എടുത്തു.

ഡിസംബർ 5-ാംതീയതി പെ. ബ. ഒണേരെ അച്ചൻ സ്ക്രൂളിൽവെച്ച് M. C. Y. L. നെക്കുറിച്ച് ഒരു പ്രസംഗം ചെയ്തു. 6-ാംതീയതി മടങ്ങുകയുംചെയ്തു. കൃഷിഡിയറക്ടർ മിസ്റ്റർ കുഞ്ഞൻപിള്ള ഡിസംബർമാസത്തിന്റെ നവമദിവസം ഇവിടെ വന്നിരുന്നു.

1931 ഏപ്രിൽ 25-ാംതീയതി സഭയുടെ ശതാബ്ദപൂർത്തി സംബന്ധിച്ചുള്ള ദിവ്യകർമ്മങ്ങൾ ജനറാളച്ചന്റെ ആജ്ഞപ്രകാരം ഇവിടെയുംകൊണ്ടാടി. 27-ാംനു- മാന്നാനത്തുവച്ചുനടന്ന ജൂബിലിയാഘോഷത്തിൽ പെ. ബ. പ്രിയോരച്ചൻ മറ്റച്ചന്മാർസഹിതം പോയി സംബന്ധിച്ചു. ജൂലൈ 6-ാംനു- ചീഫ് എൻജിനീയർ ആറന്മുളയിൽ ക്രൂടിയുള്ള വഴി പരിശോധിക്കുന്നതിനായി വന്നു.

കന്നി 9–ാം തീയതി നമ്മുടെ മഹാരാജാവു് തിരുമനസ്സുകൊണ്ടു് എല്ലാക്കൊല്ലങ്ങളിലും ജലപ്രളയത്താൽ ഉപദ്രവിക്കപ്പെടുന്ന കുട്ടനാടൻ ദിക്കുകൾ തുക്കൺപാക്കാനായി വന്ന അവസരത്തിൽ സ്ഥലം വലിയ പള്ളിയിൽ മനോഹരമായി അലങ്കരിച്ചിരുന്ന പൂപ്പന്തലിൽ സ്വീകരിക്കയുണ്ടായി. ആശ്രമാംഗങ്ങളും ക്ഷണമനുസരിച്ചു് അവിടെ സന്നിഹിതരായിരുന്നു.

ധനു 21–ാംതീയതി കൊച്ചിരൂപയുടെ അഡ്മിനിസ്ട്രേറർ അച്ചൻ വേറൊരു അച്ചനോടുകൂടി ഇവിടെ വന്നു.

27–ാംതീയതി ബ. കെറുബിനച്ചൻ മരിച്ചു. പിറ്റെദിവസം ശവസംസ്കാരകർമ്മം ആഘോഷപൂർവ്വം നിർവ്വഹിച്ചു.

1932 മകരത്തിൽ ഈ ആശ്രമമദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ പൂർവ്വാധികം ആഘോഷമായി കൊണ്ടാടണമെന്നു് തീരുമാനിച്ചു് തദനുസരണം പ്രവർത്തിച്ചു തുടങ്ങി. ഏപ്രിൽ 15-ാംനു- പാറയ്നായുടെ മെത്രാനച്ചൻ യാത്രാമദ്ധ്യേ ആശ്രമം സന്ദർശിക്കയുണ്ടായി.

ചിങ്ങമാസം 28-ാംതീയതി ബ. കൊളംബസ് പുതുസന്യാസി സഭ്രഹത്തിൽവച്ചു മരിക്കയും ആശ്രമത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. തുലാമാസം ഒൻപതാം തീയതി പുത്തനായി ഒരു സ്കൂൾ കെട്ടിടം പണിതീർത്തു് ക്ലാസു നടത്തുവാൻ തുടങ്ങി. 30—ാംതീയതി പുതിയ സ്കൂൾമുഖപ്പിലേയ്ക്കു ആശ്രമദേവാലയത്തിൽ നിന്നും വിശുദ്ധ കുർബാനയുടെ ഒരു പ്രദക്ഷിണം നടത്തി. ദിവ്യകാരുണ്യപാഥയുടെ ഇരുവശങ്ങളും സ്കൂൾകുട്ടികളുടെ ശ്രമത്താൽ മനോഹരമായി അലങ്കരിക്കപ്പെട്ടിരുന്നു. നവംബർ 20—ാംനു- സ്കൂൾകെട്ടിടം പണിയുന്നതിനു സഹായം ലഭിക്കുന്നതിനായി ഒരു നാടകം ടിക്കറ്റുവച്ചു് അഭിനയിക്കുകയും സ്ഥലത്തേയും അയൽദേശങ്ങളിലേയും പൌരന്മാരുടെ ഹാർദ്ദമായ സഹകരണം മൂലം ചിലവുകൾ നീക്കി 752 രൂപയോളം കിട്ടുകയും ചെയ്തു. രോഗബാധിതരായ ആശ്രമാംഗങ്ങൾക്കു താമസിക്കുന്നതിനായി ഒരു ചെറിയ കെട്ടിടവും ഇക്കാലത്തു പണിയിച്ചതാണു്. വലിയ അൾത്താരയിലെ വിചിത്രമായ മൂന്നു രൂപക്കൂട്ടുകളോടുകൂടിയ പണിയും, തിരുഹൃദയ അൾത്താരയിലെ രൂപക്കൂട്ടും പെ. ബ. ലൂയിസച്ചന്റെ ഭരണകാലത്തു് ചെയ്യിച്ചിട്ടുള്ളവയാണു്. V. VI. ഫാറങ്കൾ തുടങ്ങുന്നതിനുള്ള അനുവാദവും ലഭിച്ചു. ഫാദർ റൊമേവൂസിനെ ഹൈസ്കൂൾ മാസ്റ്ററുമാക്കി.

അട്ടത്ത ധനുവിലെ പൊതുസംഘത്തിൽവെച്ച് പെ. ബ. റമിജിയച്ചൻ പ്രിയോരായി തെരിഞ്ഞെക്കപ്പെട്ടു. മുട്ടാറിൽ ആശ്രമം സ്ഥാപിക്കുന്നതിനെപ്പററി അന്വഷിപ്പാൻ ഏർപ്പെടുത്തപ്പെട്ട കമ്മിഷനിലെ അംഗങ്ങൾ സ്ഥലം പ്രിയോരച്ചനും ചമ്പക്കുളം ആശ്രമവികാരിയും ബ. യൗസേപ്പച്ചനും ആയിരുന്നു. 1933 മാർച്ച 18-ാംനു- ഇവർ മുട്ടാറിൽ കൊവേന്ത പണിയുന്നതിനുള്ള സ്ഥലം സന്ദർശിച്ച് "ദഫ് നിത്തോരി"യിലേയ്ക്കു റിപ്പോർട്ട ചെയ്തു.

മേയ് 4-ാംനു- ബ. യൌസേപ്പ് തുണസഹോദരൻ കത്താവിൽ ഭാഗ്യമരണം പ്രാപിച്ച് അന്നു 4 മണിക്കു തന്നെ സംസ്കരിക്കപ്പെട്ടു.

ഒരു കാലത്തു് മലങ്കരക്കമ്മലിത്താസഭാശ്രേഷ്ഠനായിരുന്ന വരാപ്പുഴയുടെ എ. പെ. പെ. ബ. ബസ്റ്റ്യാർദ്ദ മെത്രാപ്പോലീത്താച്ചനുവേണ്ടി 26-ാംതിയതി അധികൃതാജ്ഞാനുസരണം ഇവിടെയും ശേഷക്രിയകൾ നടത്തി.

ജൂലായി 27-ാംനു- മുതൽ ഓഗസ്റ്റ് 14-ാംനു-വരെ നടന്ന സഭാനിയമപരിഷ്കരണം സംബന്ധിച്ചുള്ള അസാധാരണയോഗത്തിൽ പെ. ബ. പ്രിയോരച്ചൻ കൂട്ടുകാരനായ ബ. യോഹന്നാനച്ചനോടുകൂടി പോയി സംബന്ധിച്ചു.

കന്നി 20-ാംനു- IV. V. VI. ഫാരങ്ങളുടെ അംഗീകരണം ലഭിച്ചതായി അറിവു കിട്ടി. മിസ്റ്റർ സി. വി. ചന്ദ്രശേഖരൻ ഇക്കാര്യത്തിൽ പ്രദർശിപ്പിച്ച മഹാമനസ്കതയും റവ. ഫാദർ മാത്യു പുരയ്ക്കൽ തദ്ക്കാര്യസാദ്ധ്യർത്ഥം ചെയ്ത അന്യാദൃശ സഹായങ്ങളും ഒരിക്കലും വിസ്മരിക്കത്തക്കവയല്ല.

പെ. ബ. വാച്ചാപറമ്പിലച്ചനു മൊൺസിഞ്ഞോർ സ്ഥാനം ലഭിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുവാനായി നമ്മുടെ സ്കൂളിൽ വച്ചു് തിരുവല്ലാരൂപതയുടെ മാർ തിയോഫിലസ് മെത്രാനച്ചന്റെ അദ്ധ്യക്ഷതയിൽ 1934 കന്നി 5-ാംതിയതി ഒരു മഹായോഗം നടത്തി. തുലാം പത്താംതിയതി ഇടവകപ്പള്ളി സന്ദർശനാർത്ഥം സ്ഥലത്തെത്തിയ മെത്രാനച്ചൻ ആശ്രമത്തിൽ വന്നു കുറെനേരം താമസിക്കയുണ്ടായി.

ധനു 8-ാംനു- അത്യുന്നത ദലൈലാമ അപ്പൊസ്തോലിക്കയെ കാണുന്നതിനായി പെ. ബ. പ്രിയോരച്ചൻ മാന്നാനത്തേയ്ക്കു പോയി. മറ്റച്ചന്മാർ ചെത്തിപ്പുഴവച്ചു് അദ്ദേഹത്തെ കണ്ടു.

പള്ളിയുടെ തറയിൽ സിമൻറിട്ടുവിക്കുകയും, തൂണുകൾ

50960 DHARMARAM COLLEGE LIBRARY BANGALORE-29.

വെട്ടി ശരിപ്പെടുത്തുകയും ആറുവശത്തെ മതിൽ ഭംഗിയായി കെട്ടിക്കുകയും, ഈടുകളും ചിറകളും ശരിയാക്കുകയും ആശ്രമപരിസരങ്ങൾ പരിഷ്കരിക്കുകയും ചെയ്തു.

ആറാം അദ്ധ്യായം.

ഈ ആശ്രമസ്ഥാപനംകൊണ്ട് നാട്ടിനു ഉണ്ടായിട്ടുള്ള നന്മകൾ.

1. വേദപ്രചരണാർത്ഥം ഈ കൊവേന്തയിൽനിന്നും വളരെ പരിശ്രമങ്ങൾ ചെയ്തിട്ടുണ്ട്. 1861-ൽ പെ ബ. യൌസേപ്പു ഏലിയാസ് മിഷ്യനറിയും നമ്മുടെ അച്ചന്മാരും പുളിങ്കുന്നിൽവന്നു താമസം തുടങ്ങിയ കാലംമുതൽ ഇതുപര്യന്തം വേദപ്രചരണവേല തീക്ഷ്ണതാപൂർവ്വം നടന്നുകൊണ്ടിരിക്കുന്നു.

പുതുക്രിസ്ത്യാനികൾക്കുവേണ്ടി വേണാട്ടുകാട്ടിൽ ഒരു കപ്പേള പണിയിക്കുയും അവിടെ ഞായറാഴ്ചതോറും ദിവ്യപൂജാർപ്പണം, ഉപദേശം മുതലായവ നടത്തുകയും അങ്ങിനെ മാനസാന്തരവേല പരിപ്പെടുത്തുകയും ചെയ്തു.

1861 മുതൽ മതപരിവർത്തനം ചെയ്യുവാൻവേണ്ടിയുള്ള സകല ശുശ്രൂഷകളും ആശ്രമത്തിൽനിന്നാണ് ചെയ്തുവന്നിരുന്നത്. എന്നാൽ അവർക്കു തനിച്ചു് കായൽപുറത്തു ഒരു പള്ളിവച്ചനാൾമുതൽ ബ. കൊച്ചുപാലത്തുങ്കൽ അച്ചൻ അതിന്റെ പ്രധാനഭാരവാഹിയായി. ഇപ്പോഴും ആശ്രമസഹായം അന്യൂനമായി നടന്നുപോരുന്നുണ്ട്.

ആശ്രമാരംഭംമുതൽ ഏകദേശം 2500 ആളുകൾ ഇവിടത്തെ അച്ചന്മാരുടെ ശ്രമത്താൽ സത്യമതാവലംബികൾ ആയിട്ടുണ്ട്. ബ. അമ. മാ. മത്യാസച്ചൻ, ബ. മറി. ജസിന്തച്ചൻ, ബ. ഉണ്ണി ഈ. കെരുബിനച്ചൻ, ബ. യെ. ഗ്രിഗോറിയോസച്ചൻ ഇവരുടെ പേരുകൾ ഇക്കാര്യത്തിൽ പ്രത്യേകം സ്മരണീയങ്ങളാണ്.

ബ. ഗ്രിഗോറിയോസച്ചൻ ബൽജിയം മുതലായ സ്ഥലങ്ങളിൽനിന്നും വരുത്തിയ പണംകൊണ്ടാണ് ഈ ജോലിയിൽ

ഭൂരിഭാഗവും നിവൃഹിച്ചത്. സ്ഥലനിവാസികളിൽനിന്നും ധാരാളം സഹായം ലഭിച്ചിട്ടുണ്ട്.

2. ഈ ആശ്രമവാസികൾ കുമ്പസാരം, കുർബ്ബാന, അന്ത്യലേപനം, ധ്യാനം, പ്രസംഗം ആദിയായ വൈദിക ജോലികൾ നിവൃഹിച്ചും, അയൽപള്ളികളിലെ വികാരിമാരെ വൈദികകർമ്മങ്ങളിൽ കഴിയുന്നത്ര സഹായിച്ചും, ഇവിടെ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു നടത്തിയും നാട്ടിനും നാട്ടാർക്കും ചെയ്തിട്ടുള്ള ഗുണങ്ങൾ എത്രമാത്രമെന്നുള്ളത് ഏവർക്കും സുഗ്രാഹ്യമായിരിക്കെ, ഇവിടെ അവ വർണ്ണിക്കുന്നത് അനുചിതമായിരിക്കും.

ഏഴാം അദ്ധ്യായം.

ഈ ആശ്രമത്തിൽ മരിച്ചടക്കപ്പെട്ട സഹോദരങ്ങൾ.

1. തോപ്പിൽ ബ. യൌസേപ്പ് ഗീവർഗീസച്ചൻ.

പുളിങ്കുന്നിടവകയിൽ വെളിയനാട്ട് തോപ്പിൽഎന്ന മാന്യകുടുംബത്തിൽ മഹാഭക്തരായ മാതാപിതാക്കന്മാരിൽനിന്ന് 1813-ൽ ഭൂജാതനായി. ബാല്യകാലത്ത് ഒരിക്കൽ പുറക്കാട്ട് തന്റെ ബന്ധുക്കളുടെ ഒരു വീട്ടിൽ വിവാഹാടിയന്തിരത്തിൽ സംബന്ധിക്കുന്നതിനായിപ്പോയി. അവിടെവച്ചു് ശ്രവിച്ച പ്രസംഗം ലോകത്തെ ഉപേക്ഷിക്കുന്നതിന് ഇദ്ദേഹത്തെ പ്രേരിപ്പിച്ചു. പരദേശത്തു പോയി ദൈവസ്തുതി നടത്താനാണ് അദ്ദേഹത്തിന് ആദ്യം തോന്നിയത്. എന്നാൽ സമുദ്രതീരത്തുകൂടി അല്പദൂരം നടന്നപ്പോൾ ഭയം തോന്നി. ഈശ്വരകല്പിതം മറിച്ചായിരുന്നു. വീട്ടിൽ വന്നശേഷം വൈദികനാകണമെന്നുള്ള തന്റെ ആഗ്രഹപൂർത്തിയ്ക്കു് ആരംഭമായി അടുത്ത ബന്ധുവായ മൂന്നാറിനാല്പതിലച്ചന്റെ പക്കൽ പഠിച്ചുവന്നു. അന്നുപുളിങ്കുന്നുപള്ളി പതുവാദഭരണത്തിലായിരുന്നു. പെ. ബ. ഗവർണ്ണദോരച്ചൻ പള്ളിയിൽ വന്നപ്പോൾ ഈ ബാലന്റെ സൌശീല്യാദിഗുണങ്ങൾ കണ്ട് തന്നോടുകൂടി കൊണ്ടുപോയി. എന്നാൽ പെ. ബ. ഗവർണ്ണദോരച്ചന് വലപ്പോഴും യാത്രപോകേണ്ടിയിരുന്നതിനാലും കൊച്ചുഗീവർഗീസിനു നല്ല സുഖമില്ലാതിരുന്നതിനാലും അനുവാദസഹിതം സ്വഗൃഹത്തിലേയ്ക്കുമടങ്ങി. പുനരാരോഗ്യംപ്രാപിച്ചപ്പോൾ കീത്തിപെട്ട വടയാറ്റു

മല്പാന്റെ കീഴിൽ പഠനത്തിനായിപ്പോയി. എന്നാൽ വീണ്ടും സുഖക്കേട് നിമിത്തം തിരിച്ചുപോരേണ്ടിവന്നു. ചികിത്സനടത്തിക്കൊണ്ടിരുന്നപ്പോൾ തന്നെ വടയാറുസെമിനാരി അംഗമെന്ന നിലയിൽ ഇവിടെവച്ച് കളത്തിൽ ബ. മത്തായിയച്ചന്റെ പക്കൽ പഠനം തുടർന്നു. 1837-ൽ പട്ടമേറ്റു. ഗ്രന്ഥകർത്തൃൻ കളത്തിലച്ചനും, ഇട്ടേഹത്തിനും സന്ന്യാസികളാകണമെന്നുള്ള ആഗ്രഹത്താൽ 1838 വൃശ്ചികം 21-ൽ പള്ളിപ്പുറത്തു മല്പാനച്ചന്റെ അനുവാദത്തോടുകൂടി മാന്നാനത്തു സന്ന്യാസസഭയിൽ ചേർന്നു. കളത്തിലച്ചൻ കൃത്യാന്തരബാഹുല്യത്താലും ദീനത്താലും അവിടെനിന്നും തിരിച്ചുപോരേണ്ടിവന്നു.

മാന്നാനത്തു പുണ്യമായി ജീവിച്ചുവരികയിൽ അവിടത്തെ പണികൾ മുന്നോട്ടു നടത്തുന്നതിനു മാശ്ശമില്ലാതെ പെ. ബ. പ്രിയോരച്ചൻ വിഷമിച്ചിരിക്കുമ്പോൾ കെട്ടതെങ്ങു പിടിയരി ആദിയായ മാശ്ശങ്ങൾ നിർദ്ദേശിച്ച് നടപ്പിൽ വരുത്തിയ ആൾ ഇട്ടേഹമാണ്. ഒരു കേസിലെ വാദിപ്രതികളെ ഒരുപോലെ സംതൃപ്തരാക്കി കേസുതീർക്കുന്നതു് കൂച്ച് ശ്രമസാദ്ധ്യമാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഇട്ടേഹത്തിന്റെ വാക്ചാതുര്യവും സാധുശീലവും ഈ കാര്യത്തെ സുസാദ്ധ്യമാക്കിത്തീർത്തിരുന്നു. ഭരണങ്ങാനത്തും ചങ്ങനാശ്ശേരിയിലും ഇടവകാംഗങ്ങൾ ഭിന്നിച്ചുവശായിരുന്നു. ഇട്ടേഹം ആ സ്ഥലങ്ങളിൽ വികാരിയായി ഭരണം നടത്തുകയും ഇടവകകളിലെ കുഴപ്പങ്ങൾ തീർത്തു ജനങ്ങളെ രമ്യപ്പെടുത്തുകയും ചെയ്തു.

പുളിങ്കുന്നിടവകക്കാരുടെ അപേക്ഷാനുസരണം വികാരിയായി ഭരിച്ചുവരികയിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഈരണ്ടു പ്രസംഗങ്ങളും ആണ്ടുവട്ടത്തിലൊരിക്കൽ ജ്ഞാനധ്യാനവും നടത്തി ഭരണീയരെ ആദ്ധ്യാത്മികസോപാനത്തിൽ ഉന്നതിപ്രാപിക്കുന്നതിനു സഹായിച്ചു. വള്ളിയോഗത്തിൽ ഇടവകാംഗങ്ങൾ എല്ലാവരും കൂടുന്നതു് പലവിധത്തിലും ഉപദ്രവകരമായിരുന്നതിനാൽ പ്രതിനിധികളടങ്ങിയ ഒരു യോഗം ഇട്ടേഹം രൂപവൽക്കരിച്ചു. ആ പതിവ് ഇന്നും നടന്നുപോരുന്നു.

ലൌകികമായ കാര്യങ്ങളെപ്പറ്റി സംസാരിക്കുമ്പോഴും ദൈവകാര്യങ്ങൾ ഉൾപ്പെടുത്തുക എന്നതു് ഇട്ടേഹത്തിന്റെ ഒരു വിശേഷഗുണമായിരുന്നു. ബ. ഗീവർഗീസച്ചന്റെ പ്രസംഗചാതുരി അനുഭവിച്ച ഒരു യൂറോപ്യൻ മിഷ്യനറി യൂറോപ്പിൽവോലും

അത്രശക്തിമത്തായ പ്രസംഗങ്ങൾ അധികംശ്രവിച്ചിട്ടില്ലാഎന്നുപ
റയുകയുണ്ടായി. തന്നെ ചികിത്സിച്ചിരുന്ന ഒരു പ്രോട്ടസ്റ്റൻറുവൈ
ദ്യൻ, പ്രസംഗിക്കുന്നത് അപകടകരമാണെന്നു നിർദ്ദേശം നൽ
കിയെങ്കിലും ദൈവവചനപ്രഘോഷനംക്രൂടാതെ എന്തിനു ജീ
വിക്കുന്നുഎന്നു പറഞ്ഞുകൊണ്ട് പ്രസംഗം നടത്തിയിരുന്നു. വട
ക്കൻ ദിക്കുകളിൽ ഇദ്ദേഹത്തെ ഒരു ശ്ലീഹായെ എന്നോണം ബ
ഹുമാനിക്കുകയും, തന്നിമിത്തം അവിടത്തെപള്ളികളിൽ അത്യാദ
രപൂർവ്വം ഇദ്ദേഹത്തെ സ്വീകരിക്കയും ചെയ്തിരുന്നു. പ്രസംഗശ്ര
വണത്തിനായി നാനാദിക്കുകളിൽനിന്നും ആളുകൾ മണിനാദം
ശ്രവിച്ചു ഓടിക്കൂട്ടുകയും ചെയ്തിരുന്നു.

ജ്ഞാനവായനയിൽ അതിതല്പരനായിരുന്ന ഇദ്ദേഹം ചി
ലപ്പോൾ അർദ്ധരാത്രിവരെയും ആ ജോലിയിൽ നിമഗ്നനായിരുന്നു.
അതിലുള്ള ഏകാഗ്രതനിമിത്തം തത്സമയത്ത് മുറിയിൽ ആരെങ്കി
ലും പ്രവേശിച്ചാൽ അറിയുകപോലും ചെയ്തിരുന്നില്ല. വേദപു
സ്തകം മുഴുവൻ ആണ്ടിലൊരിക്കൽ വായിച്ചു തിക്കുക ഇദ്ദേഹത്തി
ന്റെ പതിവായിരുന്നു. സുറിയാനി, തമിഴ് മലയാളം എന്നീ ഭാഷ
കളിൽ അച്ചടിച്ചതോ, കയ്യെഴുത്തോ ആയ എല്ലാ ആദ്ധ്യാത്മിക
പുസ്തകങ്ങളും നമ്മുടെ കഥാനായകൻ വായിച്ചിരുന്നു. മറവുള്ള
വരെയും അവയിലെ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ ഇദ്ദേഹം
അസാമാന്യതാല്പര്യം പ്രദർശിപ്പിച്ചു. സ്വജീവിതം അനുക്ഷ ഒരു
ഉത്തമ മാതൃകയായി നയിക്കുകയുംചെയ്തു. ബ. ഗീവർഗീസച്ചൻ
വളരെ സൌമ്യനും സാധുശീലനുമായിരുന്നു. അന്യരെ ശാസിക്കു
ന്നതിനോ കുറ്റപ്പെടുത്തുന്നതിനോ സ്വാധികാരം പ്രേരിപ്പിച്ചിരു
ന്നപ്പോൾ അക്കാര്യം ശാന്തമായും മധുരമായും നിർവ്വഹിച്ചിരുന്നു.

1855 ധനു 8-ാംതിയതി സഭ മുറപ്രകാരം തുടങ്ങിയ
പ്പോൾ വൃളിങ്കുന്നിൽനിന്നു മാന്നാനത്തുപോയി ചാവറ പ്രിയോ
രച്ചൻ കഴിഞ്ഞു് ഒന്നാമനായി തന്റെ സഭാവാശ്രമങ്ങളെ
വെ. ബ. പ്രിയോരച്ചന്റെ കരങ്ങൾവഴി ദൈവത്തിനു സമ
പ്പിച്ചു. ഇങ്ങനെ ഒരു പൂർണ്ണസന്യാസിയായി ജീവിച്ചുവരവെ അര
ണാട്ടുകരെ കൊവേന്ത പണിയിക്കുന്നതിനായി അങ്ങോട്ടയയ്ക്കപ്പെ
ട്ടു. വടക്കൻ ദിക്കുകളിലെ പള്ളികളുടെ ഒരാണ്ടത്തെ ആദായം
മെത്രാപ്പോലീത്താച്ചന്റെ ആജ്ഞപ്രകാരം വാങ്ങിയാണ് പ
ണി നടത്തിയത്. റോക്കോസ് എന്ന കൽദായമെത്രാൻ വന്ന
പ്പോൾ അദ്ദേഹത്തിന്റെ ശിശ്രൂയിൽ നമ്മുടെ പൂർവ്വന്മാർ

ഉൾപ്പെടാതിരിപ്പാൻ ഗീവർഗീസച്ചൻ അശ്രാന്തയത്നം ചെയ്തു. എന്നാൽ അഭിഷ്ടം സാദ്ധ്യമായില്ല. പല പള്ളികൾ മുഴുവനും ചിലവ അപൂർണ്ണമായും ഈ ശീശ്മസ്സു വിധേയരായി. തന്നിമിത്തം രോഗബാധിതനായിതീർന്ന ഇട്ടേഹം മാന്നാനത്തുപോയി ആശ്വസിച്ചു ദേഹാസ്വാസ്ഥ്യം നീക്കണമെന്നു മെത്രാപ്പോലീത്താച്ചൻ കല്പിച്ചു. ഇങ്ങനെ ഇരിക്കെ 1864-ൽ ഇവിടത്തെ ആശ്രമപ്പണി പൂർത്തിയാക്കുന്നതിനു നിയോഗിക്കപ്പെട്ടു. സ്വസാമർത്ഥ്യത്തിന്റെയും ജനരഞ്ജനയുടെയും ഫലമായി "പിടിയരി" "പിടിപ്പതം" "കെട്ടുതെങ്ങു" ഇവയിൽനിന്നും സമ്പാദിച്ച പണംകൊണ്ടു 1866-ൽ പണി പൂർത്തിയാക്കി വീണ്ടും വിശ്രമാർത്ഥം മാന്നാനത്തേയ്ക്കുപോയി. ആശ്രമത്തിലേയ്ക്കാവശ്യമായ സാമാനങ്ങൾ ശേഖരിക്കുന്നതിനായി കല്പനയനുസരിച്ചു 1868ൽ പുളിങ്കുന്നിലേയ്ക്കു മടങ്ങി. ഈ അവസരത്തിൽ മാന്നാനത്തു സെമ്മിനാരി സ്ഥാപിക്കുകയും ഈ വന്ദ്യവൈദികന്റെ മേൽനോട്ടത്തിൽ നടത്തുകയുംചെയ്തു. 1871-ൽ ലെയൊനാർദ്ദു മെത്രാപ്പോലീത്താച്ചൻ ഇട്ടേഹത്തെ ഇവിടത്തെ ഒന്നാമത്തെ വികാരിയായി നിയമിച്ചു.

ഇട്ടേഹത്തിനു മരണകാരണമായതു് കാലിലെ ഒരു വ്രണമായിരുന്നു. ഇതുനിമിത്തം മുറിയിൽനിന്നു് വെളിയിൽ പോകുന്നതിനുപോലും നിവൃത്തിയില്ലാതെയായി. ലെയൊനാർദ്ദു മെത്രാപ്പോലീത്താച്ചൻ ചങ്ങനാശ്ശേരിക്കു പോകുംവഴി ഇവിടെവന്നു രോഗിയായ വൈദികനെ ആശ്വസിപ്പിക്കുകയുണ്ടായി. ഗീവർഗീസച്ചന്റെ ഭ്രാതൃപുത്രനായ ബ. ചാണ്ടപ്പിള്ളയച്ചനെ പിതൃവ്യശ്രൂഷ്രൂഷയ്ക്കായി ചങ്ങനാശ്ശേരിയിൽനിന്നു അയയ്ക്കുകയുംചെയ്തു. ബ. കുറിയാക്കോസ് ഏലിശ്വാഅച്ചനും ദിനവിവരം അറിഞ്ഞു് ഇവിടെവന്നു. അവരുടെയും ആശ്രമവാസികളുടെയും സന്നിധിയിൽവച്ചു് 1873 തുലാം 13—ാംതിയതി അന്ത്യക്രിയാശകലെല്ലാം സുബോധത്തോടെ സാധിക്കരിച്ചു് ആത്മാവിനെ സ്രഷ്ടാവിൻ വക്കൽ സമർപ്പിച്ചു. അടുത്തദിവസം, അന്നത്തെ കപ്പേളയുടെ മദ്ബഹായിൽ (ഇപ്പോഴത്തെ ചെറിയ സങ്കീർത്തി) മൃതശരീരം സംസ്കരിക്കപ്പെട്ടകയും ചെയ്തു.

2. തട്ടാശ്ശേരിൽ ബ. സ്ക്കറിയാച്ചൻ.

തട്ടാശ്ശേരിൽ എന്ന മാന്യ കുടുംബത്തിൽ 1825 കന്നിമാസത്തിൽ നമ്മുടെ സ്കറിയാച്ചൻ ജനിച്ചു. ദൈവശ്രുശ്രൂഷയിൽ

ജീവിതം നയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പുളിങ്കുന്നിൽ അ
ന്നുണ്ടായിരുന്ന സെമിനാരിയിൽ ചേർന്ന് പട്ടമേറ്റു. ഏറെത്താ
മസിയാതെ 1858-ൽ കർമ്മലീത്താസഭയിൽ പ്രവേശിച്ച് നിത്യ
വാഗ്ദത്തങ്ങൾ അർപ്പിച്ചു. അടുത്തുതന്നെ ക്രമമായ വികാരിയാ
യി നിയമിക്കപ്പെട്ടു. അവിടെ ഒരിക്കൽക്കൂടെയും ഇവിടെ രണ്ടു
പ്രാവശ്യവും ശ്രേഷ്ഠനായിരുന്നിട്ടുണ്ട്.

സഭാംഗങ്ങളെ മലയാളത്തിൽ പല ഭാഗങ്ങളിലും മെ
ത്രാപ്പോലീത്താച്ചന്റെ ഡെപ്യൂട്ടികളായി നിയമിച്ചിരുന്നു. നമ്മു
ടെ കഥാനായകനും ഇവരിലൊരാളായിരുന്നു. മെത്രാപ്പോലീത്താ
ച്ചന് ഇദ്ദേഹത്തിൽ പരിപൂർണ്ണവിശ്വാസവുമുണ്ടായിരുന്നു.

മറ്റുള്ളവരോടു കരുണാമസൃണമായി പെരുമാറിയിരു
ന്നെങ്കിൽ തന്നോടു അതികർക്കശമായി വർത്തിച്ചിരുന്നു. നിയമാനു
സരണത്തിലും ജീവിതനടപടികളിലും ഇദ്ദേഹം പ്രമാദരഹിത
നായിരുന്നു. സദ്കായ്മെന്നു തനിക്കു തോന്നിയിരുന്നതു സാധിപ്പാ
ൻവേണ്ടി ജീവത്യാഗംചെയ്യാൻപോലും സന്നദ്ധനായിരുന്നു. സുദൃ
ഢമായ ഒരു ശരീരവും അസാമാന്യധൈര്യവും ഇദ്ദേഹത്തിനുണ്ടാ
യിരുന്നു. പള്ളികളിൽ ജ്ഞാനധ്യാനം നടത്തുകയും, വഴക്കുകൾ
രാജിയാക്കുകയും ചെയ്യുന്നതിൽ അതിസമർത്ഥനുമായിരുന്നു.

1874 മുതൽ സ്ഥാനാരോഹണത്തിലും ജാതിയിലും മെത്രാന്മാ
രെ കിട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടി റോമിലേക്കു എഴുത്തുകു
ത്തു നടത്തിയ ഏഴുപേരെ സഭയിൽനിന്നും ബഹിഷ്കരിച്ചതു ഇ
ദ്ദേഹംമൂലമാണ്. പുളിങ്കുന്നാശ്രമമാണ് ഈ പ്രവർത്തനത്തിന്റെ
കേന്ദ്രസ്ഥാനമെന്നു തോന്നിയതിനാൽ ഇവിടത്തെ ശ്രേഷ്ഠൻ മംഗ
ലത്തു ബ. ചാക്കോച്ചനെയും മറ്റച്ചന്മാരെയും ഇവിടെനിന്നു മാറ്റു
ന്നതിനു ഇദ്ദേഹമായിരുന്നു കാരണക്കാരൻ. സ്വന്ത മനസ്സാ
ക്ഷിയുടെ പ്രചോദനത്താൽ മാത്രമാണ് ശുദ്ധഹൃദയനായിരുന്ന
ഇദ്ദേഹം ഇങ്ങനെയൊക്കെ ചെയ്തതു എന്നു പരിചയമുള്ള എല്ലാ
വരും സാക്ഷ്യംവഹിക്കുന്നു.

ഇവിടത്തെ ശ്രേഷ്ഠനായിരിക്കുമ്പോൾ, "കെട്ടുതെങ്ങ്" "പിടിയരി" "പിടിപ്പുതം" ഇവയിൽനിന്നു ലഭിച്ച ആദായം കൊണ്ടു ഇപ്പോൾ കാണുന്ന ആശ്രമദേവാലയം രണ്ടു കൊല്ലത്തി നിടകൊണ്ടു പണിതീർത്തു. ഈ അതിശ്രമം മൂലം ദേഹത്തിനു വ ലിയ ക്ഷീണമുണ്ടായി. അതോടുകൂടി കഴുത്തിന്റെ പിൻഭാഗത്തു ഒരു കുരുവുമുണ്ടായി. ഇതിന്റെ വേദന നല്ല ക്ഷമയോടുകൂടി

സഹിച്ചു. രോഗശയ്യയെ പ്രാപിച്ചിരുന്നപ്പോൾ തന്റെ ഏകസഹോദരി കാണുന്നതിനായിവന്നു. സ്ത്രീകൾക്കു ആശ്രമത്തിൽ പ്രവേശിക്കുന്നതിനനുവാദമില്ലായിരുന്നു. സുഖക്കേടു നിമിത്തം അദ്ദേഹത്തിനു താഴെവരുന്നതിനും നിവൃത്തിയില്ലായിരുന്നു. അതിനാൽ പിന്നിട്ടസ്ഥത്തിൽ വച്ചുകണ്ടുകൊള്ളാമെന്നും തനിക്കുവേണ്ടി അപേക്ഷിക്കണമെന്നും പറഞ്ഞു് തിരിച്ചയച്ചു.

രോഗത്തിന്റെ അപകടസ്ഥിതി മനസ്സിലായിട്ടും അറിയിച്ചു. രണ്ടാം പ്രിയോർജനറാൽ പെ. ബ. പോത്തുക്കരയച്ചനു സുഖമില്ലാതിരുന്നതിനാൽ അവിടത്തെ ആശ്രമവികാരിയായ ബ. വലിയചാണ്ടിയച്ചനെ രോഗിയെ സന്ദർശിക്കുന്നതിനായി ഇവിടേയ്ക്കയച്ചു. അദ്ദേഹം വരുന്നതിനു മുമ്പുതന്നെ സ്വസ്നേഹിതൻ കല്ലൂർക്കാട്ടു കടപ്രക്കുന്നിൽ ബ. മാണിയച്ചനെ വരുത്തി കുമ്പസാരിച്ചു് കുർബാനയും അന്ത്യലേപനവുംസ്വീകരിച്ചു. ബ. ചാണ്ടിയച്ചൻ വന്നപ്പോൾ സഭാദണ്ഡവിമോചനങ്ങളുംപ്രാപിച്ചു. 1883മീനം23-ാം തീയതി ദു:ഖവെള്ളിയാഴ്ച മരിച്ചു. പിറേറദിവസം അദ്ദേഹം പണിയിച്ച പള്ളിയിൽ മദ്ബഹായുടെമുമ്പിൽ മദ്ധ്യഭാഗത്തു് സംസ്കരിക്കപ്പെട്ടു. (1883 മീനത്തിലെ "സത്യനാദകാഹള"ത്തിൽ സ്തേറിയാച്ചന്റെ ജീവചരിത്രം പൂർണ്ണമായിചേർത്തിട്ടുണ്ടു്.)

3. തൈക്കളത്തിൽ ബ. ഏലിയാകുറിയാക്കോസച്ചൻ.

തുരുത്തിഇടവകക്കാരനായ ഇദ്ദേഹത്തിനു് ബാല്യകാലത്തു് അപകടകരമായ മസൂരിബാധയുണ്ടായി. സുഖമാകുന്നപക്ഷം കർമ്മലീത്താ മൂന്നാംസഭയിൽ ചേർന്നുകൊള്ളാമെന്നു് മാതാവു് വാഗ്ദാനംചെയ്തു. കുട്ടി അതിശയകരമാംവിധം സുഖം പ്രാപിക്കുകയുംചെയ്തു. കൊവേന്തയിൽചേരാൻ പ്രായമായപ്പോൾ അന്നു സഭയുടെ പൊതുശ്രേഷ്ഠനായിരുന്നയാളും അവരുടെ ചാർച്ചക്കാരനുമായിരുന്ന ചാവറ കുറിയാക്കോസ് ഏലിയാ അച്ചനെ വീട്ടുകാർ വിവരം അറിയിക്കുകയും വിനാവിളംബം കുട്ടിയെ ക്രൂമ്മാവു നവസന്ന്യാസഗൃഹത്തിലാക്കുകയും ചെയ്തു. പഠനവും പുണ്യാഭ്യസനവും അധികൃതന്മാർക്കു തൃപ്തികരമായ വിധത്തിൽനടത്തി, 1879 ൽ കുർബാനപ്പട്ടവും സ്വീകരിച്ചു. അന്നത്തെനിയമപ്രകാരം 1880-ൽ വാഴത്തപ്പെടൽ ദൈവത്തിനു സമർപ്പിച്ചു.

ഇതിനുശേഷം ഉദ്ദേശം നാലുകൊല്ലം പുതുസന്ന്യാസികളെ

ലത്തിൻ സുറിയാനി എന്നീ ഭാഷകൾ പഠിപ്പിച്ചു. പിന്നീട് മാന്നാനത്തേക്കും അവിടെനിന്നും പുളിങ്കുന്നിലേക്കും സ്ഥലംമാറ്റപ്പെട്ടു. ഇദ്ദേഹം സഭയിൽപ്രവേശിച്ച കാലത്തു സാമാന്യം നല്ലധനസ്ഥിതിയിലിരുന്ന സ്വകുടുംബം ഒടുവിൽവളരെ ക്ഷയിച്ചുപോയി. ഇതുനിമിത്തം വളരെ ദുഃഖമുണ്ടായെങ്കിലും അതൊക്കെവളരെ ക്ഷമയോടുകൂടി സഹിച്ചു. പുളിങ്കുന്നുകൊവേന്തയിൽവച്ച് 1886 ഒക്ടോബർ 1-ാംതീയതി 31-ാമത്തെ വയസ്സിൽ ഈലോകവാസം വെടിഞ്ഞു.

4. കൊടുവാടത്തിൽ ബ. മറിയം ചീരില്ലോസച്ചൻ.

ബ. മറിയം ചീരില്ലോസച്ചൻ കൊടുവാടം കുടുംബത്തിൽ ഭക്തരായ മാതാപിതാക്കന്മാരിൽനിന്നു 1850-ൽ ജ്ഞാതനായി. ഇദ്ദേഹത്തിനും സ്വസഹോദരനെപ്പോലെ തന്നെ കർമ്മലീത്താസഭയിൽ ചേരണമെന്ന് ആഗ്രഹമുണ്ടായി. മാതാപിതാക്കന്മാർ സസന്തോഷം അനുവാദവും നൽകി. നവസന്ന്യാസഭവനത്തിൽചേർന്ന് സുറിയാനി പഠിച്ചശേഷം ലത്തീൻ മുതലായി വൈദികനാവശ്യമായ മറ്റു പഠനങ്ങളും പൂർത്തിയാക്കി. അറാം പട്ടമായപ്പോൾ മാന്നാനത്തു സെമിനാരിയിൽ അധികൃതന്മാരെ സഹായിക്കുന്നതിനായി അവിടേയ്ക്കയയ്ക്കപ്പെട്ടു. 1875-ൽ കുമ്പാനപ്പട്ടമേറ്റ് മാന്നാനത്തുവച്ചുതന്നെ നവപൂജയും അർപ്പിച്ചു. പിന്നീട് അവിടത്തെ പുതുക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികനേതാവായി ഭരണംനടത്തി. അതിന്റെ ശേഷം വളരെനാളത്തേക്കു അതിപ്പുരമേലദ്ധ്യക്ഷനായിരുന്നു.

സന്ന്യാസവ്രതങ്ങളും, ജീവിതക്രമങ്ങളും അന്യൂനമായി അനുഷ്ഠിച്ചുപോന്നു. ശ്രേഷ്ഠന്മാർ തനിയ്ക്കു വളരെ ബുദ്ധിമുട്ടുള്ളകാര്യങ്ങൾതന്നെ ആജ്ഞാപിച്ചാലും യാതൊരു ഒഴിവുകഴിവും സങ്കടവുംകൂടാതെ അതിശയനീയമായ നൽമനസ്സോടെ അവ നിർവ്വഹിച്ചിരുന്നു. തന്നിമിത്തം മറ്റു സഹോദരന്മാർ ഇദ്ദേഹത്തെ അധികം ബഹുമാനിക്കയും മതിക്കയുംചെയ്തിരുന്നു. ഒടുവിൽ പിടിപെട്ട രോഗത്തിന്റെ ചികിത്സക്കായി കുറെനാളത്തേയ്ക്ക് പുളിങ്കുന്നു കൊവേന്തയിലേയ്ക്ക് ശ്രേഷ്ഠന്മാർ അയച്ചു. അവിടെ നിന്നും ചികിത്സാർത്ഥം ആലപ്പുഴയ്ക്കുപോയി. ആലപ്പുഴവച്ച് 1888 ഏപ്രിൽ 19-ാംതീയതി 38-ാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു. ഇവിടെ ആഘോഷപൂർവ്വം സംസ്കരിക്കപ്പെടുകയും ചെയ്തു.

5. കൊട്ടവാടത്തിൽ ബ. ഗ്രിഗോ. മാത്തച്ചൻ.

ബ. മറിയം ചിറില്ലോസച്ചന്റെ ജേഷ്ഠസഹോദരനാണ് ഇദ്ദേഹം. 1846-ൽ ആണ് ജനിച്ചത്. ദൈവഭക്തി നിമിത്തം അക്കാലത്തു മാന്നാനത്തു് ആരംഭിച്ചിരുന്ന കമ്മെലീത്താസഭയിൽ ചേരുകയും അവിടെനിന്ന് 1859 സെപ്തംബർ മാസത്തിൽ ക്രനമ്മാവു് സന്ന്യാസാശ്രമത്തിൽ കല്പനപ്രകാരം പോയിപാർക്കയുംചെയ്തു. അവിടെവച്ചു് സുറിയാനി ലത്തീൻ മുതലായ ഭാഷകളിൽ വേണ്ട പാണ്ഡിത്യം സമ്പാദിച്ചു. സന്ന്യാസജീവിതമുറകളും നല്ലവണ്ണം അഭ്യസിച്ചു. കുർബാനപ്പട്ടമേറുതിനുശേഷം സന്ന്യാസ വാശ്രമങ്ങൾ ചെയ്തു.

പിന്നീടു് ജ്ഞാനധ്യാനം നടത്തുന്നതിലേപ്പെട്ടു. 1874-ൽ മേലൂസ് മെത്രാൻ മലയാളത്തിൽ വന്നപ്പോൾ ഇദ്ദേഹം കല്പനപ്രകാരം ഒല്ലൂർപള്ളി വികാരിയായിരുന്നു. പ്രസ്തുത മെത്രാന്റെ വരവു് പരിശുദ്ധ സിംഹാസനത്തിന്റെ അനുമതിയോടുകൂടിയാണോ എന്നു സംശയം ജനിക്കുകയാൽ പ്രോപ്പഗാന്ത തിരുസംഘാദ്ധ്യക്ഷനായിരുന്ന കർദ്ദിനാൾ അവർകളോടു് ഇദ്ദേഹം എഴുതിചോദിക്കുകയും, മാപ്പാപ്പായുടെ കല്പനയ്ക്കു വിരോധമായിട്ടാണ് അദ്ദേഹം വന്നിട്ടുള്ളതു് എന്നു മറുപടി ലഭിക്കുകയുംചെയ്തു.

1878-ൽ ക്രനമ്മാവു ആശ്രമവികാരിയായി നിയമിക്കപ്പെട്ടു. 1882-ൽ പുളിങ്കുന്നുകൊവേന്തയുടെ വികാരിയായും 1885-ൽ മുത്തോലി കൊവേന്തയുടെ വികാരിയായും നിയമിതനായി.

1888-ൽ ആലപ്പുഴെ കമ്മെലമാതാവിന്റെ തിരുനാൾ ആഘോഷിച്ചതു് ഇദ്ദേഹത്തിന്റെ ചാർച്ചക്കാരായിരുന്നു. അവിടെവച്ചു് ഭയങ്കരമായ ജ്വരം ബാധിക്കയുണ്ടായി. ഈ സുഖക്കേടു നിമിത്തം അവിടെ വച്ചുതന്നെ 1888 ജൂലായ് 18-ാംതിയതി മരണം പ്രാപിച്ചു. പുളിങ്കുന്നു ആശ്രമത്തിൽ അത്യാഡംബരപൂർവ്വം ശവസംസ്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു.

6. കളത്തിൽ ബ. സ്ക്കറിയ അപ്രേമച്ചൻ.

പുളിങ്കുന്നുപള്ളി ഇടവക കളത്തിൽ എന്ന മാന്യകുടുംബത്തിൽ ഉത്തമ മാതാപിതാക്കന്മാരിൽ നിന്ന് 1828 കുംഭം 25-ാംതിയതി പിറന്നു. 1853-ൽ ഗുരുപ്പട്ടം സ്വീകരിക്കുകയും 1854-ൽ സന്ന്യാസജീവിതം ആഗ്രഹിച്ചു് കമ്മെലീത്താസഭയിൽ

ചേരുകയും ചെയ്തു. 1855-ൽ ആദ്യത്തെ 11 പിതാക്കന്മാരിൽ അവസാനത്തെ ആളായി നിത്യവാഗ്ദത്തങ്ങൾ ചെയ്തു. മാന്നാനം, കൈപ്പമല, അമ്പഴക്കാട്ട്, പുളിങ്കുന്ന് എന്നീ ആശ്രമങ്ങളിൽ പലതവണ ശ്രേഷ്ഠനായി ഭരിക്കയും മാന്നാനം സെമിനാരിയിൽ റെക്തോർ ജോലി നിർവ്വഹിക്കയും ചെയ്തിട്ടുണ്ട്. ജ്ഞാനധ്യാനങ്ങളും നടത്തിയിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ മുഖം ഗൗരവസംപൂർണ്ണവും കാണികൾക്കു ഭയജനകവുമായിരുന്നു. അസാമാന്യ ദൈർഘ്യമുണ്ടായിരുന്ന നാസിക അദ്ദേഹത്തിന്റെ അനിതരസാധാരണമായ വിവേകത്തെ പ്രസ്പഷ്ടമാക്കി. ഇദ്ദേഹം ഭരണീയരോട് സ്നേഹമസൃണമായി പെരുമാറിയിരുന്നു.

1903-ൽ ഗ്രന്ഥപ്പട്ടമേറ്റിട്ട് 50-ാംവത്സരജൂബിലി സ്വാശിഷ്യരുടെ താല്പര്യത്താൽ അത്യാഡംബരപൂർവ്വം കൊണ്ടാടപ്പെട്ടു. ഇതിൽ ബാക്കിവന്നധനം പ്രതിവർഷം രണ്ടു പാട്ടുകുർബാനയും ഒരു കുഴിയോത്തും കഴിക്കുന്നതിനായി ഏല്പിക്കപ്പെടുകയും ചെയ്തു.

സദാ പ്രാർത്ഥനയിൽ സമയം കഴിച്ചിരുന്ന ഇദ്ദേഹത്തിന്റെ ഈശ്വരവിശ്വാസം അനന്യസാധാരണമായിരുന്നു. ഒരവസരത്തിൽ അമ്പഴക്കാട്ടുകാർ മഴയില്ലാതെ വിഷമിച്ചിരിക്കുമ്പോൾ, നല്ലവനായ ദൈവം അഭയം തേടുന്നവരെ ഉപേക്ഷിക്കയില്ല എന്നും പറഞ്ഞ്, പള്ളിയിൽ പ്രവേശിച്ച് അപേക്ഷിക്കുകയും ഉടൻ സമൃദ്ധിയായ വർഷപാതമുണ്ടാകുകയും ചെയ്തു.

മുമ്പേ തന്നെയുണ്ടായിരുന്ന അർശസ്സിന്റെ സുഖക്കേടു വർദ്ധിച്ചതായിരുന്നു ഇദ്ദേഹത്തിന്റെ മരണകാരണം. ഇതിൽ നിന്നുണ്ടായ വേദന നല്ല ക്ഷമയോടുകൂടി സഹിച്ച് ദൈവാഭിഷ്ടത്തിനു വിധേയനായി. 1908 ജൂൺ 28-ാംതീയതി 81-ാമത്തെ വയസ്സിൽ ഈ ആശ്രമത്തിൽവച്ച് അന്ത്യകൂദാശകളെല്ലാംകൈക്കൊണ്ട് തന്റെ സഹോദരന്മാരുടെ മദ്ധ്യേ നിര്യാതനായി. അന്നുതന്നെ സ്വശിഷ്യരായ പല ഇടവകപ്പട്ടക്കാരുടെയും ഇടവകക്കാരുടെയും സാന്നിദ്ധ്യത്തിൽ ആശ്രമദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു.

7. ശ്രാമ്പിക്കൽ ബ. മത്തായച്ചൻ.

മുട്ടാറിൽ ശ്രാമ്പിക്കൽ എന്ന പ്രസിദ്ധ കുടുംബത്തിൽ 1849 ധനു 28-ാംതീയതി ജാതനായി. 1860 മിഥുനം 20-ാം

തീയതി കമ്മെലീത്താ മൂന്നാംസഭയിൽ പ്രവേശിച്ച് 1874 തുലാം 28-ാംതീയതി ഉത്തരപ്പട്ടമേല്ക്കുകയും 1881 ധനു 18-ാംതീയതി നിത്യവാഗ്ദാനം ചെയ്കയും ചെയ്തു. അദ്ദേഹം ഒരു രോഗിയായിരുന്നുവെങ്കിലും അസാമാന്യമായ ആത്മധീരതയുള്ളവനായിരുന്നു. ഈശ്വരമഹത്വത്തിനും ആത്മരക്ഷയ്ക്കും ആവശ്യമായ സംഗതികളിൽ ഈ ആത്മധീരതയെ അദ്ദേഹം പ്രയോഗിച്ചു. വിശുദ്ധ കുർബ്ബാനയോടും അമലോത്ഭവദിവ്യജനനിയോടുമുള്ള അദ്ദേഹത്തിന്റെ ഭക്തി നിസ്തുലമെന്നേ പറയേണ്ടു. ഈ ആശ്രമദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയുടെ തിരുനാൾ അത്യാഘോഷപൂർവ്വം കൊണ്ടാടുന്നതിനു കാരണകർത്താവു് ഇദ്ദേഹമാണു്. വിശുദ്ധ കുർബ്ബാനയുടെ എട്ടുദിവസത്തെ ആരാധനയും നമസ്കാരവും ഇദ്ദേഹത്തിന്റെ അത്യുത്സാഹത്താലാണു് ഇവിടെ നടന്നുതുടങ്ങിയതു്. ആശ്രമദേവാലയത്തിന്റെ പാർശ്വഭാഗത്തുകാണുന്ന അമലോത്ഭവമാതാവിന്റെ കപ്പേളയും അതിലെ മനോഹരമായ രൂപവും അലങ്കാരങ്ങളും ബ. മറ്റുപ്രേമച്ചന്റെ ശ്രമഫലമാണു്. ഈ കാര്യസിദ്ധിക്കായി 1000 രൂപയോളം ജനങ്ങളിൽനിന്നു് അദ്ദേഹം പിരിച്ചെടുത്തു.

ഇംഗ്ലിഷ് സ്കൂൾ, ബോർഡിങ്ങു മുതലായവ ആദ്ധ്യാത്മികാഭിവൃദ്ധിക്കു ഉപകരിക്കുന്നവയാണെന്നു് നമ്മുടെ കഥാനായകൻ മനസിലാക്കി അവ ഇവിടെയും സ്ഥാപിതമാകുന്നതിനു വേണ്ടശ്രമങ്ങൾ ചെയ്തു. പല യുവാക്കൾക്കും ജ്ഞാനോപദേശം ചെയ്തു് ദൈവവിളിയെ പോഷിപ്പിച്ചു് സ്വർഗ്ഗീയമഹത്വത്തിനും ആത്മരക്ഷയ്ക്കുംവേണ്ടി ജോലി ചെയ്യാനുള്ള വൈദികപദവിയിൽ അവരെ പ്രവേശിപ്പിച്ചു.

സ്വദേശത്തു് ഒരു കമ്മെലീത്താ ആശ്രമം സ്ഥാപിക്കുന്നതിനു് ഇദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നുവെന്നു് പലർക്കും അറിയാവുന്നതാണു്.

1924 കർക്കടകം 28-ാംതീയതി മരിച്ചു. ഭയങ്കരമായ വെള്ളപ്പൊക്കമായിരുന്നതിനാൽ മൃതശരീരം ചെത്തിപ്പുഴയ്ക്കു കൊണ്ടുപോയി, വഴയപള്ളിയിൽ അത്യാഘോഷപൂർവ്വം സംസ്കരിക്കപ്പെട്ടു. എ. പെ. പെ. ബ. കുര്യാളശ്ശേരി തോമ്മാമെത്രാനച്ചനും, വികാരി ജനറാൾ മൊ. ജയിക്കബ്ബു് കല്ലറയ്ക്കൽ അവർകളും കമ്മെലീത്ത, ക്ലാര, ആരാധന എന്നി സഭാംഗങ്ങളായ അനേകം കന്യകകളും ഒരു വലിയ ജനക്കൂട്ടവും സന്നിഹിതരായിരുന്നു.

8. ബ. ത്രേസ്യാ ബനദിക്തോസച്ചൻ.

വൂളിങ്കനിടവക ചാത്തംപറമ്പിൽ എന്ന പുരാതന കുടുംബത്തിൽ 1856 മീനം 12-ാംനു- ജാതനായി. 1872 ധനു 21-ാംനു- കൈമ്മിലിത്താ മൂന്നാം സഭയിൽചേർന്നു, 1882 മിനം 4-ാംനു- ഉരുപ്പെട്ടമേൽക്കുകയും 1883 കർക്കടകം 16-ാംനു- നിത്യവാഗ്ദത്തങ്ങൾ ചെയ്തുകയും ചെയ്തു. ദൈവസ്തുതിക്കുവേണ്ടി അതിതീക്ഷ്ണതാപൂർവ്വം ജോലിചെയ്തു ഒരാളാണ് ഇദ്ദേഹം. പ്രസിദ്ധനായ ഒരു ധ്യാന ഉരുവുമായിരുന്ന നമ്മുടെ കഥാനായകൻ. കുട്ടികളെ ധ്യാനിപ്പിക്കുന്നതിലായിരുന്ന സ്വസാമർത്ഥ്യം പ്രകടമായി പ്രത്യക്ഷപ്പെട്ടിരുന്നതു്. പുണ്യജീവിതത്തിലും ആജ്ഞാനുസരണത്തിലും അദ്വിതീയനായിരുന്നു. ഇദ്ദേഹം സാക്ഷാൽ ശിശുസമാനൻ തന്നെയായിരുന്നു. മറ്റുജോലികളാൽ തടയപ്പെടാതിരുന്ന സമയങ്ങളെല്ലാം പ്രാർത്ഥനയിലാണ് ചിലവഴിച്ചിരുന്നതു്. ഏകദേശം മൂന്നുകൊല്ലത്തോളം വാതരോഗിയായികിടന്നു. ഈ അവസരത്തിൽ സമാധാന സഹിതം ആത്മനാഥനെ പ്രാപിക്കുന്നതിനു വഴിയായ മരണകവാടത്തെ പ്രതീക്ഷിച്ചിരുന്നു. 1926-മിഥുനം 11-ാംനു- ന. കർത്താവിന്റെ തിരുഹൃദയ തിരുനാൾ ദിവസം, തന്റെ ചുറ്റുംക്രൂടിയിരുന്ന സഹോദരങ്ങൾ പ്രാർത്ഥനാധ്യാനത്തെ നിത്യപിതാവിൻ പക്കലേയ്ക്കുയർത്തിക്കൊണ്ടിരുന്നപ്പോൾ, സ്വാത്മാവിനെ അതിന്റെ മണവാളനുസമർപ്പിച്ചു. അടുത്ത ദിവസം അശ്രമദേവാലയത്തിൽതന്നെ സംസ്കരിക്കപ്പെടുകയുംചെയ്തു.

ഇദ്ദേഹത്തിനുണ്ടായിരുന്ന സംശയപ്രകൃതി മരണമടുത്തപ്പോൾ മാറുകയും അതിനാൽ വളരെ സമാധാന സഹിതം മരിക്കയുംചെയ്തു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

9. ബ. യെശ. ഗ്രീഗോറിയോസച്ചൻ.

കോയിൽമുക്കുവള്ളി ഇടവക കരിക്കുമ്പള്ളി എന്ന മാന്യകുടുംബത്തിൽ 1861 ഇടവം 12-ാംനു- ജനിച്ചു. 1875ൽ കൈമ്മിലിത്താസഭയിൽ പ്രവേശിച്ചു് ക്രുനമ്മാവുകൊവേന്തയിൽ വൈദിക പഠനങ്ങൾ പൂർത്തിയാക്കി. 1886-ൽ കുർബാനപ്പട്ടമേറ്റു. 1888-ൽ നിത്യവ്രതങ്ങൾ വാങ്ങാനവുംചെയ്തു ലത്തീനിലും സുറിയാനിയിലും ഉദ്ദേഹത്തിന് അസാമാന്യപാണ്ഡിത്യമുണ്ടായിരുന്നു. അതിദയാലുവായിരുന്നതിനാൽ പരോപകാരം ചെയ്യുന്നതിൽ

സദാ ജാഗരൂകനായിരുന്നു. സഭയുടെ അഭിവൃദ്ധിക്കായി ഇട്ടേഹം വളരെ പരിശ്രമിച്ചിട്ടുണ്ട്. പൊതുശ്രേഷ്ഠാലോചനക്കാരനായും, ആശ്രമശ്രേഷ്ഠനായും, പ്രിയോർ ജനറാളിന്റെ സെക്രട്ടറിയായും ദീർഘനാൾ ജോലിചെയ്തിട്ടുണ്ട്. പ്രത്യേകവിധജോലിക്രൂടാതെ വിശ്രമിക്കുവാൻ മൂന്നുകൊല്ലം മാത്രമെസാധിച്ചിട്ടുള്ളൂ.

വാതരോഗത്തിനു ചികിത്സിക്കുവാൻ ഒരു വൈദ്യനെ കാണുവാനായി സ്വദേശമായ എടതുവാസ്സുപോകുംവഴി ഒരു ദഹനക്കേടുണ്ടാകുകയും തൽഫലമായി ബോധം മറിയുകയും ചെയ്തു. ദിനത്തിന്റെ അപകടസ്ഥിതികണ്ട് എടതുവാപള്ളിവികാരി അന്ത്യക്രൂശാശകൾ കൊടുത്തു. വിവരമറിഞ്ഞ് ഇവിടുത്തെ അച്ചന്മാർ ചെന്ന് ഇവിടേയ്ക്കു കൊണ്ടുപോന്നു. 1926-ാമതു 16-ാംതീയതി ആശ്രമവാസികളുടെ സന്നിധിയിൽവച്ച് മരണം പ്രാപിച്ചു. പൊതുസംഘത്തിനു പോയിരുന്ന സ്ഥലം പ്രിയോർ പെ. ബെസ്സ്യോച്ചൻ പരേതന്റെ ഭ്രാതൃപുത്രനായ മുത്തോലിപ്രിയോർ പെ. ബ. എവുസേബിയൂസച്ചനോടുകൂടി അടുത്ത ദിവസം വന്ന് ആശ്രമദേവാലയത്തിൽ തന്നെ ശവസംസ്കാരകർമ്മം നിർവ്വഹിച്ചു.

10. ബ. കെറുബീനച്ചൻ.

തുരുത്തിഇടവക കിഴക്കേത്തയ്യിൽ എന്ന പ്രഖ്യാതവും മാന്യവുമായ കുടുംബത്തിൽ 1856 ഫെബ്രുവരി 18-ാംതീയതി പിറന്നു. 1868 ജനുവരി 1-ാംതീയതി സഭയിൽ പ്രവേശിച്ചു. 80 മേയ് 22-ൽ കുബ്ബാനപ്പട്ടമേൽക്കുകയും 81-കന്നി 18-ൽ നിത്യവാശത്തം ചെയ്കയും ചെയ്തു.

കാസരോഗത്താൽ സദാപീഡിതനായിരുന്നെങ്കിലും മഹാപരിശ്രമശീലനായിരുന്നു. പ്രമുഖപ്രചാരം സിദ്ധിച്ച കൃപാനിധി മുതലായ ജപപുസ്തകങ്ങളുടെ കർത്താവ് ഇട്ടേഹമാണ്. വേദപ്രചരണാർത്ഥം എന്തും ചെയ്യുന്നതിനു ഇട്ടേഹം സന്നദ്ധനായിരുന്നു. ഉദ്ദേശം രണ്ടായിരം അന്യമതസ്ഥരെ മാനസാന്തരപ്പെടുത്തി ജ്ഞാനസ്നാനം കൊടുത്തു എന്നറിയുമ്പോൾ തന്നെ അട്ടേഹത്തിന്റെ ആത്മരക്ഷയിലുള്ള ശ്രദ്ധാധിക്യം സുഗ്രാഹ്യമാണ്. അതിരാവിലെ ദിവ്യപൂജ അർപ്പിച്ചശേഷം ആശ്രമത്തിൽ പിന്നീടു നടക്കുന്ന എല്ലാ കുബ്ബാനയും കണ്ടിരുന്നു. സ്വന്ത ആവശ്യങ്ങൾക്കു വച്ചിരിക്കുന്ന സാധനങ്ങൾപോലും ദാനം ചെയ്തിരുന്ന ഇട്ടേഹത്തിന്റെ

ഒൗദാര്യശീലം നിരുപമംതന്നെ! എത്രതന്നെ സുഖമില്ലാതിരുന്നാലും അന്ത്യക്രിയാശകൾ കൊടുക്കുന്നതിനു പോകുന്ന കായ്ത്തിൽ ഇദ്ദേഹം വളരെ ഉത്സുകനായിരുന്നു. മരണാസന്നർ അന്ത്യക്രിയാശകൾ ഇദ്ദേഹത്തിൽനിന്ന് ലഭിക്കുവാൻ പ്രത്യേകം താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ഇത്ര സൽഗുണസമ്പന്നനായ കഥാനായകൻ സകലരുടെയും പ്രീതിക്കു പാത്രീഭൂതനായതിൽ അതിശയിപ്പാനില്ല. ഇദ്ദേഹത്തോടു ജനങ്ങൾക്കുള്ള പ്രീതി ശവസംസ്കാരകർമ്മാവസരത്തിലാണ് ശരിയായി പ്രത്യക്ഷപ്പെട്ടത്. 1931 ഡിസംബർ 27–ാംതിയതി ദിവ്യ പൂജ അർപ്പിച്ചുകൊണ്ടിരിക്കയിൽ ബോധരഹിതനായി; 10 മണിയോടെ കർത്താവിൽ നിദ്രപ്രാപിച്ചു. ഇടവകജനങ്ങളുടെ താല്പര്യപ്രകാരം പ്രത്യേക ആഘോഷപൂർവ്വം നഗരികാണിക്കലും മറ്റും കഴിച്ചിട്ടാണ് അടക്കം ചെയ്തത്. റാസ, ധർമ്മം, ധർമ്മക്കഞ്ഞി മുതലായവയും അവരുടെ ചിലവിൽ നടത്തി എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

11. ആ. യെ. കൊളംബസ്.

കാഞ്ഞിക്കൽ തറവാട്ടശാഖ പ്രായിക്കളത്തിൽ കുടുംബത്തിൽ 1913 കർക്കടകം 15–ാംതിയതി ജനിച്ചു. 1927 ഇടവത്തിൽ മാന്നാനത്തു യോഗാർത്ഥിയായിച്ചേരുകയും ആറാംഫാറം ജയിച്ചശേഷം അമ്പഴക്കാട്ട് നവസന്ന്യാസഗൃഹത്തിൽ ചേർന്ന് 1930 നവംബർ 23–ാംതിയതി സഭാവസ്ത്രം സ്വീകരിക്കയും 1931 വൃശ്ചികം 24–ാംതിയതി ആദ്യവ്രതങ്ങൾ സമർപ്പിക്കയും ചെയ്തു. വൈദികപഠനങ്ങൾ തുടങ്ങിക്കഴിഞ്ഞപ്പോൾ ചിത്തഭ്രമത്തിന്റെ ചില ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയാൽ പെ. ബ. ജനറാളച്ചന്റെ അനുവാദപ്രകാരം ചികിത്സക്കായി സ്വഗൃഹത്തിലേയ്ക്കു കൊണ്ടുപോന്നു. ദിനം പ്രതി വർദ്ധിച്ചു ചിത്തം 27–ാംതിയതി മൂർദ്ധന്യമായി. അടുത്ത ദിവസം മൃതശരീരം ആശ്രമദേവാലയത്തിൽ അടക്കം ചെയ്തുയുണ്ടായി.

പഠനത്തിൽ സമർത്ഥനും നിർമ്മലസ്വഭാവിയും എല്ലാവരുടെയും സ്നേഹപാത്രവുമായിരുന്ന ഇദ്ദേഹം നവസന്ന്യാസഗൃഹത്തിലെ രോഗിശുശ്രൂഷകനായിരുന്നു. ഈ കൃത്യം അത്യന്തം തൃപ്തികരമാംവണ്ണം നിർവ്വഹിച്ചു. നിയമനുഷ്ഠാനത്തിൽ അതിതല്പരനും നല്ല അനുസരണമുള്ളവനുമായിരുന്നു.

12. ആ. മറിയത്തിന്റെ യൌസേപ്പ്.

തൈക്കാട്ടുശേരി വള്ളിഇടവക പാണാവള്ളിൽ വട്ടരുമഠം എന്ന കുടുംബത്തിൽ ഈ സഹോദരൻ പിറന്നു. ഉത്തമക്രിസ്ത്യാനികളായ മാതാപിതാക്കന്മാർ ചെറുപ്രായംമുതൽതന്നെ കുട്ടിയെ വളരെ ഭക്തനായി വളർത്തിയിരുന്നു. 1879-ൽ പാണാവള്ളിൽ വി. ഫിലിപ്പ് നേരിയുടെ സഭയിൽചേർന്നു. എന്നാൽ ആ സഭ നിന്നുപോകയാൽ 1893-ൽ കമ്മെലിത്താസഭയിൽചേർന്നു. കന്നി 1—ാംതീയതി സഭാവസ്ത്രം ധരിക്കയും 1903 കർക്കടകം 16-ാംതീയതി ആദ്യവ്രതവും 1905 ധനു 8-ാംതീയതി നിത്യവാഗ്ദത്തങ്ങളും ചെയ്തു.

നിയമാനുസരണം, ദൈവഭക്തി, ദീനശുശ്രൂഷഎന്നിവയിൽ ഇദ്ദേഹം പ്രത്യേകതാല്പര്യം പ്രദർശിപ്പിച്ചു. പിതാവിനുണ്ടായിരുന്ന മഹോദരം എന്നരോഗം തന്നെയായിരുന്ന ഇദ്ദേഹത്തിന്റെയും മരണകാരണം. ഈ രോഗത്താൽ മൂന്നുകൊല്ലത്തോളം തീവ്രദുഃഖമനുഭവിച്ചു. പലവൈദ്യന്മാരുടേയും ചികത്സയ്ക്കു വിധേയനായെങ്കിലും രോഗം മരണകരമെന്നു അദ്ദേഹം മനസ്സിലാക്കി തദനുസരണം തയ്യാറായിരുന്നു. മരണത്തിനു കുറേമുമ്പ് ഒരു മോഹാലസ്യം വരികയും ഇരുന്ന ബഞ്ചിൽ നിന്ന് താഴെവീഴുകയും ചെയ്തു. മറ്റുള്ളവർ കട്ടിലിലെടുത്തുകിടത്തി ശുശ്രൂഷിച്ചു ബോധം തെളിഞ്ഞശേഷം അന്ത്യക്രിയാശകലെല്ലാം നല്ല ഒരുക്കത്തോടെ സ്വീകരിച്ച് അപേക്ഷയിൽ സമയം ചിലവഴിച്ചു. 1933 ഇടവം 4-ാംതീയതി വീണ്ടും ഒരു മോഹാലസ്യമുണ്ടായി. അതോടുകൂടിമരിക്കുകയുംചെയ്തു.

ഉപസംഹാരം.

ഈ 75 കൊല്ലത്തിനിടയ്ക്ക് ആശ്രമത്തിനും ആശ്രമവാസികൾക്കും പരമകാരുണികനായ ദൈവത്തിൽനിന്നും ലഭ്യമായിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാണെന്നു കൃതജ്ഞതാപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഈ ആശ്രമസ്ഥാപനകാലംമുതൽ ലൌകികവും ആദ്ധ്യാത്മികവുമായ അധികാരികളിൽനിന്നും ലഭിച്ചിട്ടുള്ള നിരവധി ഉപകാരങ്ങൾക്കും, പുളിങ്കുന്നുകാരും അയൽദേശവാസികളും വര

ദേശീയരും ഈ സന്ന്യാസഭവനത്തിനു ചെയ്തിട്ടുള്ള ഓരോ നന്മകൾക്കും, അവരോരോരുത്തരോടും ഞങ്ങൾക്കുള്ള അപാരമായ നന്ദിയെ പ്രകടിപ്പിച്ചുകൊണ്ടും, ഇനിയും അവരുടെ സഹായസഹകരണങ്ങളെ അഭ്യർത്ഥിച്ചുകൊണ്ടും, അവർക്കുവേണ്ടി ഞങ്ങളുടെയും പിൻഗാമികളുടെയും വേലകളും പ്രാർത്ഥനകളും വാഗ്ദാനം ചെയ്തുകൊണ്ടും ഈ ചരിത്രശകലത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

അനുബന്ധം.

ഈ ആശ്രമത്തിൽ ശ്രേഷ്ഠന്മാരായി ഭരിച്ചിട്ടുള്ളവർ.

1864–71 തോപ്പിൽ ബ. ആ. യൌ. ഗീവർഗീസച്ചൻ.
1871–73 ,, ,, (വികാരി.)
1873–75 മംഗലത്തു ബ. ആ. മറി. ചാക്കോച്ചൻ. ,,
1876–78 കൊട്ടവാടം ബ. ആ. ഗ്രിഗോ. മാത്തച്ചൻ. ,,
1878–83 തട്ടാശ്ശേരി ,, യൌ. സ്ലൂറിയാച്ചൻ. ,,
1883–84 കളത്തിൽ ,, അപ്രേം സ്ലൂറിയാച്ചൻ. ,,
1884–85 കൊട്ടവാടം ,, ഗ്രിഗോ. മാത്തച്ചൻ. ,,
1885–89 പാലയ്ക്കൽ ,, ബ്രോക്കാ കയ്യച്ചൻ. ,,
1889–89 തളിയത്തു് പെ. ബ. ആ. യോഹ. (ഏവ.)
ഗീവർഗീസച്ചൻ. * (പ്രിയോർ)
1889–94 കോയിപ്പള്ളി പെ. ബ.
യൌ. പിലിപ്പോസച്ചൻ. ,,
1894–97 പാലാക്കുന്നേൽ പെ. ബ.
യോഹ. ക്രൂ. ചാക്കോച്ചൻ. ,,
1897–99 കിളിയന്തറ പെ. ബ.
ത്രേസ്യ. വിനസന്തിയോസച്ചൻ. ,,

---

* ഇദ്ദേഹം പ്രിയോരായി നിയമിക്കപ്പെട്ടുവെങ്കിലും അസുഖക്കാട്ടുനിന്നും പോരുന്നതിനു സാധിക്കായ്കയാൽ ബ. കയ്യച്ചൻതന്നെ ഇടവത്തിലെ പൊതുസംഘംവരെ തൽസ്ഥാനത്തു ഭരണം നടത്തി.

1899–902 കരിക്കമ്പള്ളി പെ. ബ.
യൌ. ഗ്രിഗോറിയോസച്ചൻ. (പ്രിയോർ)
1902–902 ശ്രാകത്തു് പെ. ബ.
മറി. ഇറാനീമ്മോസച്ചൻ. † ,,
1902–905 നേയ്ക്കമ്പറമ്പിൽ പെ. ബ.
കുറി. യോഹന്നാനച്ചൻ. ,,
1905–908 പാലാക്കുന്നേൽ പെ. ബ.
യോഹ. ക്രൂ. ചാക്കോച്ചൻ. ,,
1908–'11 നേയ്ക്കമ്പറമ്പിൽ പെ. ബ.
കുറി. യോഹന്നാനച്ചൻ. ,,
1911–'14 വടക്കയിൽ പെ. ബ.
തിരുഹൃ. ഫിലിപ്പോസച്ചൻ. ,,
1914–'17 മേച്ചേരി പെ. ബ.
തിരുഹൃ. യൌസേപ്പച്ചൻ. ,,
1917–'20 കരിക്കമ്പള്ളി പെ. ബ.
യൌ. ഗ്രിഗോറിയോസച്ചൻ. ,,
1920–'22 പുളിക്കൽ പെ. ബ.
വ്യാ. മാ. ആഞ്ഞെല്ലൂസച്ചൻ. ,,
1922–'23 കരിക്കമ്പള്ളി പെ. ബ.
യൌ. ഗ്രിഗോറിയോസച്ചൻ. ,,
1923–'26 നടുവിലേപ്പറമ്പിൽ പെ. ബ.
തോ. സ്സ്കറിയാച്ചൻ. ,,
1926–'29 കരിക്കമ്പള്ളി പെ. ബ.
സ്സ്കറി. എവുസേബിയൂസച്ചൻ. ,,
1929–'32 പെരുമാലിൽ പെ. ബ.
യൌ. ളൂയിസച്ചൻ. ,,
1932— മണ്ണൂർ പെ. ബ. മറി. ഔമിജിയച്ചൻ. ,,

† ഇദ്ദേഹത്തിന്റെ സുഖക്കേടായിരുന്നതുനിമിത്തം ആറാമ്പേലിൽ ബ. മറി. ജസിന്തച്ചൻ പ്രോ. വികാരിയായി കാര്യങ്ങൾ നടത്തി.

(*Permissu Superiorum.*)

Printed at the St. Joseph's Press, Mannanam, 1936.


D C Archives
00050960
K90 S21